22
2021
സെപ്റ്റംബർ
ബുധൻ
1197
കന്നി 6

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 157 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-157 പേജ് 4. വില 2.00 രൂപ

02 ഡ്യൂട്ടി കഴിഞ്ഞ് മടങ്ങിയ ആരോഗ്യപ്രവർത്തകയെ തട്ടിക്കൊണ്ടുപോകാൻ ശ്രമം
03 കേരളത്തിന് വയോശ്രേഷ്ഠ സമ്മാൻ പുരസ്കാരം
04 പതിമൂന്ന് ഹൈക്കോടതികളിൽ പുതിയ ചീഫ് ജസ്റ്റിസുമാർ; കൊളീജിയം ശിപാർശ

# മനുഷ്യനേക്കാൾ വലുതല്ല ജാതിയും മതവും : മുഖ്യമന്ത്രി



തിരുവനന്തപുരം : മനുഷ്യനേക്കാൾ വലുതല്ല ഒരു മതവും ഒരു ജാതിയുമെന്ന് ഉറക്കെ പ്രഖ്യാപിക്കേണ്ട അവസരമാണ് ഇതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ശ്രീനാരായണഗുരു വിഭാവനംചെയ്ത സമൂഹമായി മാറാൻ ഇനിയും ഒരുപാട് ദൂരം മുന്നോട്ടുപോകണം. ഇതിന് പ്രതിബന്ധമായി വർഗീയവാദ ചിന്തകളും ജാതിവ്യവസ്ഥയുടെ ശേഷിപ്പുകളും ഇന്നും ശക്തമായി നിലനിൽക്കുന്നു. നാം ഇത്രയുംകാലം താണ്ടിയ മാനവികതയുടെ പന്ഥാവിൽനിന്ന് തിരിഞ്ഞു നടത്തം ഉണ്ടാകരുതെന്നും ശ്രീനാരായണഗുരു സമാധി ദിനത്തിലെ ഫെയ്സ് ബുക്ക് കുറിപ്പിൽ അദ്ദേഹം പറഞ്ഞു.

നമ്മുടെ ഐക്യത്തെ ശിഥിലീകരിക്കാൻ സങ്കുചിത താൽപ്പര്യങ്ങളെ അനുവദിച്ചുകൂടാ. ഇതിന് കഠിന പരിശ്രമം ആവശ്യമാണ്. ആ കടമ നിറവേറ്റാനുള്ള ഊർജം എക്കാലവും നമ്മിലേക്ക് പകരാൻ പര്യാപ്തമാണ് ഗുരുവിന്റെ ചിന്തകളും അദ്ദേഹത്തിന്റെ സമരചരിത്രവും. ജാതിമത വേർതിരിവുകളും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തീർത്ത അന്ധകാരത്തിൽ ഗതികിട്ടാതെ ഉഴറിയ കേരള സമൂഹത്തിന് മാനവികതയുടെ വെളിച്ചം വിതറി ആധുനികതയിലേക്കുള്ള വഴികാട്ടിയ മഹാത്മാവാണ് ഗുരു. മനുഷ്യൻ എന്ന സത്തയെ അദ്ദേഹം മറ്റെല്ലാത്തിനും മുകളിൽ ഉയർത്തിപ്പിടിച്ചു. ആ സത്തയെ അപ്രസക്തമാക്കുന്ന ജാതിജന്മി വ്യവസ്ഥകളുടെ അടിത്തറയായ ബ്രാഹ്മണ്യവും മതവർഗീയവാദ ആശയങ്ങളും അദ്ദേഹത്തിന്റെ തത്ത്വചിന്തയുടെ നിശിതമായ വിമർശത്തിന് വിധേയമായി. ആ ആശയങ്ങളേറ്റെടുത്ത് മനുഷ്യത്വമെന്ന മഹത്തായ സങ്കൽപ്പത്തിന്റെ സാക്ഷാൽക്കാരത്തിനായി കേരളീയർ സടകുടഞ്ഞെണീറ്റതിന്റെ ഫലമാണ് ഇന്ന് നാം ജീവിക്കുന്ന കേരളമെന്നും മുഖ്യമന്ത്രി പറഞ്ഞു.

നർക്കോട്ടിക് ജിഹാദ് എന്ന പദപ്രയോഗം ഉന്നത സ്ഥാനത്തിരിക്കുന്നവർക്ക് യോജിച്ചതല്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വ്യക്തമാക്കി. ഇത്തരം പ്രസ്താവന നിർഭാ?ഗ്യകരമെന്ന് നേരത്തേ പറഞ്ഞിരുന്നു. പൊതുസമൂഹം പ്രസ്താവനയ്ക്കൊപ്പമല്ല. കേരളം മതനിരപേക്ഷതയുടെ വിളനിലമാണ്. സിപിഐ എം പെരുവെമ്പ് ലോക്കൽ കമ്മിറ്റി ഓഫീസായ എ കെ ജി മന്ദിരം ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. ലൗജിഹാദില്ലെന്ന് കേന്ദ്രസർക്കാർ നേരത്തേ വ്യക്തമാക്കിയതാണ്. ആളെക്കൂട്ടാൻ ചിലർ ഓടി നടക്കുന്നുണ്ട്. അവരെ കണ്ട് ഭ്രമിക്കരുത്. ഇത്തരക്കാരുടെ ഉദ്ദേശ്യം വേറെയാണ്. കേരളത്തിലെ മതനിരപേക്ഷതയിൽ വിളറിപൂണ്ട വർഗീയവാദികൾ ജനങ്ങളിൽ തെറ്റിദ്ധാരണയുണ്ടാക്കാൻ ശ്രമിക്കുന്നു. ഇത്തരം പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവരാനും വർ?ഗീയമായി ചേരിതിരിക്കാനും ശ്രമിക്കുന്നവരാണ് സംഘപരിവാർ. കേരളത്തെ തകർക്കാമെന്ന് ആരും കരുതരുത്. അത്തരം നീക്കം ഏത് വിഭാ?ഗത്തിൽ നിന്ന് ഉണ്ടായാലും കർശനമായി നേരിടും. മയക്കുമരുന്ന് വ്യാപനം തടയാൻ കർശന നടപടിയുണ്ടാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.



# മദർ തെരേസ അവാർഡ്: സീമ ജി നായർക്ക് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സമ്മാനിച്ചു

തിരുവനന്തപുരം : സാമൂഹികക്ഷേമ പ്രവർത്തന രംഗത്ത് ഉത്തമ മാതൃകയാകുന്ന വനിതകൾക്കായുള്ള കേരള ആർട്ട് ലവേഴ്സ് അസ്സോസ്സിയേഷൻ 'കല'യുടെ പ്രഥമ മദർ തെരേസ പുരസ്കാരം സിനിമാ സീരിയൽ താരം സീമ ജി നായർക്ക് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സമ്മാനിച്ചു സഹപ്രവർത്തക ശരണ്യയുടെ ജീവൻ സംരക്ഷിച്ച് നിലനിർത്താൻ സ്വന്തം സമ്പാദ്യം ചെലവിട്ട സീമ ജി നായരുടെ മാതൃക ഉദാത്തവും ശ്ലാഘനീയവുമാണെന്ന് ഗവർണർ പറഞ്ഞു.

സീമ ത്യാഗനിർഭരമായ പ്രവർത്തനം നടത്തിയെങ്കിലും ശരണ്യ വിടപറഞ്ഞ് നാല്പ്പത്തി ഒന്ന് ദിവസ്സം തികയുന്ന നാളിലാണ് സീമയ്ക്ക് അവാർഡ് സമ്മാനിക്കപ്പെട്ടത്.

രാജ്ഭവനിൽ നടന്ന ചടങ്ങിൽ കലയുടെ ട്രസ്റ്റിയും വനിതാകമ്മീഷൻ അംഗവുമായ ഇ.എം. രാധ, മാനേജിങ് ട്രസ്റ്റി ലാലു ജോസഫ്, ട്രസ്റ്റികളായ അഭിരാം കൃഷ്ണൻ, സുഭാഷ് അഞ്ചൽ, ബിജുപ്രവീൺ (എസ്.എൽ. പ്രവീൺകുമാർ) എന്നിവർ പങ്കെടുത്തു. 'കല'യുടെ രക്ഷാധികാരിയും ദീപികയുടെ മുൻ മാനേജിംഗ് ഡയറക്ടറുമായ അമേരിക്കൻ മലയാളി സുനിൽ ജോസഫ് കൂഴാംപാല നല്കിയ അൻപതിനായിരം രൂപയുടെ ചെക്ക് രാധ സീമയ്ക്ക് കൈമാറി.

കേരളത്തിലെ ജീവകാരുണ്യ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ മഹനീയ മാതൃകകൾ സൃഷ്ടിക്കുന്ന വനിതകൾക്ക് നല്കുന്നതാണ് മദർ തെരേസ അവാർഡ്. അൻപതിനായിരം രൂപയും ഫലകവും പ്രശസ്തി പത്രവും അടങ്ങുന്നതാണ് മദർ തെരേസ അവാർഡ്. .

# സംസ്ഥാനത്ത് 18 വയസ്സിനു മുകളിൽ 2.67 കോടി പേർ; കേന്ദ്രം ജനസംഖ്യ പുതുക്കി

തിരുവനന്തപുരം : സംസ്ഥാനത്ത് 18 വയസ്സിനു മുകളിലുള്ളവരുടെ ജനസംഖ്യ 2.87 കോടിയിൽനിന്ന് 2.67 കോടിയാക്കി കേന്ദ്ര ആരോഗ്യമന്ത്രാലയം പുതുക്കി നിശ്ചയിച്ചു. രജിസ്ട്രാർ ജനറൽ ഓഫീസിന്റെയും സെൻസസ് കമീഷണറുടെയും റിപ്പോർട്ട് പ്രകാരം എല്ലാ സംസ്ഥാനങ്ങളുടെയും പ്രതീക്ഷിത ജനസംഖ്യ പുതുക്കി. 2011ന് ശേഷം രാജ്യത്ത് സെൻസസ് നടത്തിയിട്ടില്ല.

2021ലെ പ്രതീക്ഷിത ജനസംഖ്യ അനുസരിച്ച് 2.87 കോടി ജനങ്ങൾക്കാണ് വാക്സിൻ നൽകേണ്ടതെന്നാണ് നേരത്തേ കേന്ദ്രം അറിയിച്ചിരുന്നത്. എന്നാൽ, പുതുക്കിയ ജനസംഖ്യ പ്രകാരം അത് 2,67,09,000 ആയി കുറഞ്ഞു. ഈ മാനദണ്ഡം അനുസരിച്ച് 18നും 44നും ഇടയിൽ പ്രായമുള്ളവർ 1,39,26,000 ആയും 45നും 59നും ഇടയ്ക്കുള്ള ജനസംഖ്യ 69,30,000 ആയും 60 വയസ്സിനു മുകളിൽ 58,53,000 ആയും കുറഞ്ഞു.

പുതുക്കിയ കണക്കനുസരിച്ച് സംസ്ഥാനത്ത് ആദ്യ ഡോസ് വാക്സിൻ എടുത്തവർ 88.94 ശതമാനമായും (2,37,55,055) രണ്ട് ഡോസെടുത്തവർ 36.67 ശതമാനമായും (97,94,792) ഉയർന്നു. ആകെ 3,35,49,847 ഡോസ് വാക്സിനാണ് ഇതുവരെ വിതരണം ചെയ്തത്. ഇനി 29 ലക്ഷത്തോളം പേർക്കുമാത്രമേ ആദ്യ ഡോസ് വാക്സിൻ നൽകാനുള്ളൂ. തിരക്ക് കുറവായതിനാൽ എല്ലാവരും വേഗം വാക്സിൻ എടുക്കണമെന്ന് മന്ത്രി അറിയിച്ചു. ഞായറാഴ്ച രണ്ട് ലക്ഷത്തോളം പേർക്കുകൂടി രണ്ടാം ഡോസ് വിതരണം ചെയ്യാനായാൽ പൂർണ വാക്സിനെടുത്തവരുടെ എണ്ണം ഒരു കോടി കടക്കും.

9,79,370 ഡോസ് എത്തി. സംസ്ഥാനത്തിന് 9,79,370 ഡോസ് വാക്സിൻകൂടി ലഭ്യമായി. എറണാകുളം ജില്ലയിൽ 18 വയസ്സിനു മുകളിലുള്ള എല്ലാവർക്കും ആദ്യ ഡോസ് നൽകി. വയനാട്, പത്തനംതിട്ട ജില്ലകളിൽ 98 ശതമാനംപേരും ആദ്യ ഡോസ് എടുത്തു. 91 ശതമാനംപേർ വാക്സിനെടുത്ത ഇടുക്കി, തിരുവനന്തപുരം ജില്ലകളാണ് മൂന്നാമത്.

# കോവിഷീൽഡ് അംഗീകരിക്കാതെ ബ്രിട്ടൻ ; പുനഃപരിശോധിക്കണമെന്ന് ഇന്ത്യ

ഇന്ത്യയിൽനിന്ന് രണ്ടു ഡോസ് കോവിഷീൽഡ് സ്വീകരിച്ചവർക്കും 10 ദിവസം സമ്പർക്കവിലക്ക് നിർബന്ധമാക്കിയത് പുനഃപരിശോധിക്കണമെന്ന് ഇന്ത്യ ബ്രിട്ടനോട് അഭ്യർഥിച്ചു. ന്യൂയോർക്കിൽ യുഎൻ പൊതുസഭയ്ക്കിടെ പുതിയ ബ്രിട്ടീഷ് വിദേശ സെക്രട്ടറി ലിസ് ട്രസുമായി ഇക്കാര്യം സംസാരിച്ചെന്ന് വിദേശ മന്ത്രി എസ് ജയ്ശങ്കർ ട്വീറ്റു ചെയ്തു. എന്നാൽ, എന്തെങ്കിലും ഉറപ്പുലഭിച്ചതായി വെളിപ്പെടുത്തിയിട്ടില്ല.

ബ്രിട്ടന്റെ നടപടി വിവേചനപരമെന്നും സമാനമായ എതിർനടപടികളിലേക്ക് നീങ്ങാൻ ഇന്ത്യക്ക് അവകാശമുണ്ടെന്നും വിദേശ സെക്രട്ടറി ഹർഷ്വർധൻ ഷ്റിങ്ള മാധ്യമങ്ങളോട് പറഞ്ഞു. പ്രശ്നം പരിഹരിക്കുമെന്നനിലയിൽ ചില ഉറപ്പുലഭിച്ചെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യൻ വാക്സിൻ എടുത്തവരെ വാക്സിൻ സ്വീകരിച്ചവരായി പരിഗണിക്കില്ലെന്നാണ് ബ്രിട്ടൻ നിലപാട്. ഓക്സ്ഫെഡ് സർവകലാശാലാ വിദഗ്ധ വികസിപ്പിച്ചതാണ് കോവിഷീൽഡ്. ബ്രിട്ടനിലും ഇതേ വാക്സിനാണ് നൽകുന്നത്. എന്നിട്ടും യാത്രാനിയന്ത്രണം ഏർപ്പെടുത്തിയത് വംശീയ വിവേചനമാണെന്ന വിമർശം ശക്തമാണ്.

# കെ കരുണാകരൻ ട്രസ്റ്റ്; പിരിച്ചെടുത്ത 16 കോടിയുടെ കണക്ക് സുധാകരൻ പറയണം: കെ പി അനിൽകുമാർ

കോഴിക്കോട് : കണ്ണൂരിൽ കെ കരുണാകരന്റെ പേരിൽ സ്കൂൾ വാങ്ങാനായി പിരിച്ചെടുത്ത 16 കോടി രൂപ എവിടെയെന്ന് കെപിസിസി പ്രസിഡന്റ് കെ സുധാകരൻ വ്യക്തമാക്കണമെന്ന് കെ പി അനിൽകുമാർ. സിപിഐ എം ജില്ലാ കമ്മിറ്റി നേതൃത്വത്തിൽ നൽകിയ സ്വീകരണത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കെ കരുണാകരന്റെ പേരിൽ രൂപീകരിച്ച ട്രസ്റ്റിന്റെ പേരിലാണ് സുധാകരന്റെ നേതൃത്വത്തിൽ പണപ്പിരിവ് നടത്തിയത്. പണം സുധാകരൻ മാത്രം ഡയറക്ടറായ കണ്ണൂർ എജ്യുപാർക്കിലേക്കാണ് മാറ്റിയത്. ട്രസ്റ്റിന്റെ പണം ഉപയോഗിച്ചില്ലെങ്കിൽ സർക്കാരിലേക്ക് കൈമാറണമെന്നതും പാലിക്കപ്പെട്ടില്ല.

കെ സുധാകരനും വി ഡി സതീശനുമാണ് തന്നെ കമ്യൂണിസ്റ്റാക്കിയത്. അതിന് അവരോട് നന്ദിയുണ്ട്. അല്ലായിരുന്നെങ്കിൽ താനിപ്പോഴും കോൺഗ്രസ് എന്ന കിണറ്റിലെ തവളയായേനെ. രണ്ടുതവണ സീറ്റ് നിഷേധിച്ചപ്പോഴും തല മുണ്ഡനം ചെയ്യാനും തെറിവിളിക്കാനും മുതിർന്നിട്ടില്ല. താലിബാൻ അഫ്ഗാനിസ്ഥാൻ പിടിച്ചെടുത്തതു പോലെയാണ് കെ സുധാകരൻ കോൺഗ്രസ് പിടിച്ചെടുത്തത്. സുധാകരനെ പ്രസിഡന്റാക്കിയില്ലെങ്കിൽ കലാപമുണ്ടാകുമെന്ന് പ്രചാരണം നടത്തി. സൈബർ ഗുണ്ടകളെ ഉപയോഗിച്ചുള്ള ഈ പ്രചാരണത്തിന്റെ ഉറവിടം കെ സുധാകരനായിരുന്നു. നേതൃത്വത്തെ ഭീഷണിപ്പെടുത്തിയാണ് സുധാകരൻ പ്രസിഡന്റായത്.

സംഘപരിവാറിന്റെ മനസ്സുള്ളയാളാണ് സുധാകരൻ. ഇത്തരമൊരാൾ കെപിസിസി പ്രസിഡന്റായിരിക്കുമ്പോൾ ന്യൂനപക്ഷങ്ങൾക്ക് എങ്ങനെ സുരക്ഷിതത്വം നൽകാൻ കഴിയും. പാർലമെന്ററി പാർടിയിൽ ഭൂരിപക്ഷം ചെന്നിത്തലയ്ക്കായിരുന്നു. എംഎൽഎമാരുടെ യോഗം വീണ്ടും വിളിച്ച് ചെന്നിത്തലയ്ക്ക് എതിരായ അഭിപ്രായം ഇമെയിൽ അയപ്പിച്ച് അട്ടിമറി നടത്തിയാണ് സതീശനെ പ്രതിപക്ഷ നേതാവാക്കിയത്. തന്നെ മാലിന്യമെന്നാണ് കെ മുരളീധരൻ വിശേഷിപ്പിച്ചത്. മുരളീധരൻ എത്ര പാർടിയിൽ പ്രവർത്തിച്ചുവെന്ന് ആലോചിക്കണം. മാലിന്യങ്ങളെ സ്വീകരിക്കാത്തതിനാലാണ് എ കെ ജി സെന്ററിലേക്ക് മുരളീധരനെ സ്വീകരിക്കാത്തതെന്നും അനിൽകുമാർ പറഞ്ഞു.




കേരളത്തിലെ ആദ്യത്തെ വിദ്യാർത്ഥി സമരത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച് സാംസ്കാരിക വകുപ്പ് സംഘടിപ്പിച്ച സ്വാതന്ത്ര്യം തന്നെ അമൃതം പരിപാടി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

# സേനാകോപ്റ്റർ ഇടിച്ചിറക്കി; 2 പൈലറ്റുമാർ മരിച്ചു

ജമ്മു : പരിശീലന പറക്കലിനിടെ ജമ്മു കശ്മീരിൽ കരസേനയുടെ ഹെലികോപ്റ്റർ ഇടിച്ചിറക്കിയതിനെ തുടർന്ന് രണ്ട് പൈലറ്റുമാർ കൊല്ലപ്പെട്ടു. ഉദ്ദംപൂർ ജില്ലയിലെ ശിവ്ഘർധർ വനത്തിൽമേഖലയിൽ ചൊവ്വ രാവിലെ 10.30ഓടെ ആയിരുന്നു അപകടം.

ഉത്തർപ്രദേശുകാരൻ മേജർ രോഹിത് കുമാർ, ഹരിയാനക്കാരൻ മേജർ അനൂജ് രജ്പുത് എന്നിവരാണ് മരിച്ചത്. പട്നിടോപ്പിലെ പരിശീലനത്തിനിടെ മൂടൽമഞ്ഞ് കാരണം കോപ്റ്റർ അപകടത്തിൽപ്പെടുകയായിരുന്നെന്ന് അധികൃതർ അറിയി ച്ചു.



ഭിന്നശേഷി കുട്ടികൾക്കായുള്ള സഹയാത്ര പദ്ധതിയുടെ ലോഗോ കഴക്കൂട്ടം ഡിഫറന്റ് ആർട്ട് സെന്ററിൽ മന്ത്രി എം. വി. ഗോവിന്ദൻ മാസ്റ്റർ പ്രകാശനം ചെയ്യുന്നു

# താലിബാൻ: മുല്ലാ ബറാദർ പങ്കെടുത്ത യോഗത്തിൽ വെടിവെയ്പ്പ് നിരവധിപേർ കൊല്ലപ്പെട്ടതായി റിപ്പോർട്ട്

കാബൂൾ: താലിബാൻ നേതാവ് മുല്ലാ ബറാദർ പങ്കെടുത്ത യോഗത്തിൽ വാക്കേറ്റവും വെടിവെയ്പ്പും ഉണ്ടായതായി റിപ്പോർട്ടുകൾ. കാബൂളിലെ പ്രസിഡന്റിന്റെ കൊട്ടാരത്തിൽ സർക്കാർ രൂപീകരണവുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിലാണ് സംഭവം നടന്നതെന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ബറാദറിനെ ഹക്കാനി സംഘടനയിൽപ്പെട്ടയൊരാൾ മർദ്ദിച്ചുവെന്നും സൂചനയുണ്ട്. ഈ മാസം ആദ്യമാണ് സംഭവം നടന്നത്.

സർക്കാർ രൂപീകരണത്തിൽ എല്ലാ വിഭാഗത്തിൽ നിന്നുള്ളവരേയും ഉൾപ്പെടുത്തണമെന്ന വാദമാണ് ബറാദർ മുന്നോട്ട് വെച്ചത്. എന്നാൽ ഈ വാദം ഉയർത്തിയതിനിടെ ഖലീൽ ഉൾ റഫാൻ ഹക്കാനി ബറാദറെ തള്ളിയിടുകയായിരുന്നു. തുടർന്ന് രണ്ട് വിഭാഗങ്ങൾ തമ്മിൽ വെടിവെയ്പ്പുണ്ടായെന്നും സംഭവസ്ഥലത്തുണ്ടായിരുന്നവർ പറയുന്നു. നിരവധിപേർ മരിക്കുകയും മറ്റുള്ളവർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇതിന് ശേഷം കാബൂൾ വിട്ട ബറാദർ കാണ്ഡഹാറിലേക്ക് പോയെന്നും റിപ്പോർട്ടിൽ പറയുന്നു.

അതേസമയം അന്താരാഷ്ട്ര സമൂഹത്തിന്റെ അംഗീകാരം നേടാൻ താലിബാൻ ശ്രമങ്ങൾ തുടരുകയാണ്. യൂറോപ്യൻ, ഏഷ്യൻ, ഇസ്ലാമിക രാഷ്ട്രങ്ങൾ ഉൾപ്പെടെയുള്ള മറ്റ് രാജ്യങ്ങളുമായി നയതന്ത്ര ബന്ധം നിലനിർത്താൻ താലിബാൻ സർക്കാരിനെ അംഗീകരിക്കേണ്ടത് ഐക്യരാഷ്ട്രസഭയുടെ ഉത്തരവാദിത്തമാണെന്ന് വക്താവ് സബീഹുല്ല മുജാഹിദ് പറഞ്ഞു. പെൺകുട്ടികൾക്ക് വിദ്യാഭ്യാസ വിലക്കും സ്ത്രീകൾക്ക് പുറത്തുപോയി ജോലി ചെയ്യുന്നതിനു വിലക്കും ഏർപ്പെടുത്തിയിരുന്നു. ഇതിനെ പറ്റി മാധ്യമ പ്രവർത്തകർ ചോദിച്ചപ്പോഴും വ്യക്തമായ മറുപടി പറയാൻ താലിബാൻ വക്താവ് തയാറായില്ല.

വിലക്കുകളെല്ലാം താൽക്കാലികമാണെന്നും പെൺകുട്ടികളെ സ്കൂളിൽ പോകാൻ അനുവദിക്കുമെന്നും അദ്ദേഹം പറഞ്ഞു. അതേസമയം, സ്ത്രീകളോടും ന്യൂനപക്ഷങ്ങളോടുമുള്ള താലിബാൻ സർക്കാരിന്റെ ഇടപെടൽ പരിശോധിച്ച ശേഷമായിരിക്കും അവരെ വിലയിരുത്തുകയെന്നാണ് അന്താരാഷ്ട്ര സമൂഹത്തിന്റെ നിലപാട്.

രണ്ട് സഹമന്ത്രിമാരെ കൂടി ഉൾപ്പെടുത്തി താലിബാൻ തങ്ങളുടെ ഇടക്കാല മന്ത്രിസഭ വിപുലീകരിച്ചു. താലിബാൻ സർക്കാരിന്റെ വക്താവായ സബീഹുല്ല മുജാഹിദ് ചൊവ്വാഴ്ച നടത്തിയ വാർത്താസമ്മേളനത്തിലാണ് പുതിയ പട്ടിക പുറത്തുവിട്ടത്. സെപ്റ്റംബർ ഏഴിന് രൂപീകരിച്ച ഇടക്കാല മന്ത്രിസഭ പുരുഷാധിപത്യം നിറഞ്ഞതാണെന്ന് നേരത്തെ തന്നെ വിമർശനമുയർന്നിരുന്നു. എന്നിട്ടും പുതുതായി ഉൾപ്പെടുത്തിയവരിലും വനിതാ പ്രാതിനിധ്യം കൊണ്ടുവരാൻ താലിബാൻ തയാറായില്ല. അതേസമയം, ഹസാരകൾ പോലുള്ള ന്യൂനപക്ഷ സമുദായ അംഗങ്ങളും മന്ത്രിസഭയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ന്യായീകരിച്ച സബീഹുല്ല മുജാഹിദ് സ്ത്രീകളുടെ കാര്യം പിന്നീട് പരിഗണിക്കുമെന്നും പറഞ്ഞു.

# ഇന്ത്യ സന്ദർശിച്ച സിഐഎ സംഘാംഗത്തിന് ഹവാന സിൻഡ്രോം

വാഷിങ്ടൺ: ഇന്ത്യ സന്ദർശിച്ച യുഎസ് നയതന്ത്ര ഉദ്യോഗസ്ഥന് ഹവാന സിൻഡ്രോം സ്ഥിരീകരിച്ചു. രോഗ ലക്ഷണങ്ങൾ പ്രകടിപ്പിച്ച ഇദ്ദേഹം ആശുപത്രിയിൽ ചികിത്സ തേടിയതായാണ് റിപ്പോർട്ട്.

ഈ മാസം ഇന്ത്യ സന്ദർശിച്ച സിഐഎ ഡയറക്ടർ വില്യം ബേൺസിന്റെ സംഘത്തിലെ ഉദ്യോഗസ്ഥനാണ് അജ്ഞാത രോഗം സ്ഥിരീകരിച്ചത്.

അതേസമയം നയതന്ത്ര ഉദ്യോഗസ്ഥരിൽ വർധിച്ചു വരുന്ന ഹവാന സിൻഡ്രോം യുഎസിൽ ആശങ്ക വർധിപ്പിച്ചിട്ടുണ്ട്. ഒരുമാസത്തിനുള്ളിൽ രണ്ടാം തവണയാണ് യുഎസ് ഉദ്യോഗസ്ഥർക്ക് ഹവാന സിൻഡ്രോം സ്ഥിരീകരിക്കുന്നത്. വിയറ്റ്നാം സന്ദർശനം നടത്താനിരിക്കെ ചില ഉദ്യോഗസ്ഥർക്ക് രോഗം സ്ഥിരീകരിച്ചതോടെ യുഎസ് വൈസ് പ്രസിഡന്റ് കമല ഹാരിസ് തന്റെ യാത്ര റദ്ദാക്കിയിരുന്നു.

ക്യൂബൻ തലസ്ഥാനമായ ഹവാനയിൽ ആദ്യമായി കണ്ടെത്തിയതിനാലാണ് ഇതിന് ഹവാന സിൻഡ്രോം എന്ന പേരുവന്നത്.

വിചിത്രമായ ചില ശബ്ദങ്ങൾ കേൾക്കുക, അപരിചിതമായ ശാരീരിക അസ്വസ്ഥതകൾ അനുഭവപ്പെടുക തുടങ്ങിയവയാണ് രോഗലക്ഷണങ്ങൾ.

പുറമേ ഛർദ്ദി, ശക്തമായ തലവേദന, ക്ഷീണം, തലകറക്കം, ഉറക്കപ്രശ്നങ്ങൾ, കേൾവിക്കുറവ്, ഓർമ പ്രശ്നങ്ങൾ എന്നിവയും അനുഭവപ്പെടും. ലക്ഷണങ്ങൾ തീവ്രമാകുന്നതോടെ ജോലിയിൽ ശ്രദ്ധ കേന്ദ്രീകരിക്കാനാകാതെ വരും. രോഗം ബാധിച്ച ചിലർക്ക് പെട്ടന്നു തന്നെ രോഗം ഭേദമായിയെങ്കിലും മറ്റുചിലർക്ക് പ്രശ്നങ്ങൾ കാലങ്ങളോളം നീണ്ടുനിന്നു. രോഗത്തിന്റെ യഥാർത്ഥ കാരണം എന്താണെന്ന് ഇപ്പോഴും കണ്ടെത്താനായിട്ടില്ല.

2016ൽ ക്യൂബയിലെ ഹവാനയിലുള്ള യുഎസ് എംബസിയിലെ ജീവനക്കാർക്കാണ് ആദ്യം ഹവാന സിൻഡ്രോം സ്ഥിരീകരിച്ചത്. ക്യൂബയ്ക്ക് പുറമേ റഷ്യ, ചൈന, ഓസ്ട്രിയ ഉൾപ്പെടെയുള്ള ചില രാജ്യങ്ങളിലും യുഎസ് ഉദ്യോഗസ്ഥരിൽ രോഗലക്ഷണങ്ങൾ കണ്ടെത്തിയിരുന്നു. ഇതുവരെ 300 സജീവ കേസുകളാണ് രാജ്യത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

സംഭവത്തിൽ വില്യം ബേൺസ് അമർഷം പ്രകടിപ്പിച്ചു. അമേരിക്കയുടെ ചാരസംഘടനയിൽ പ്രവർത്തിക്കുന്നവർ ഉൾപ്പെടെ ആരും സുരക്ഷിതരല്ലെന്നായിരുന്നു ബേൺസിന്റെ പ്രതികരണം. വില്യം ബേൺസ്, നാഷണൽ ഇന്റലിജൻസ് ഡയറക്ടർ അവ്റിൽ ഹെയ്ൻസ് എന്നിവരുടെ നേതൃത്വത്തിൽ യുഎസ് ഭരണകൂടം അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്. 100 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദ്ദേശം. രോഗം സ്ഥിരീകരിച്ച ഉദ്യോഗസ്ഥൻ ആദ്യം ഇന്ത്യയിലും പിന്നീട് യുഎസിലും ചികിത്സ തേടിയെന്നാണ് വിവരം.

# വയോജനങ്ങൾക്ക് കൂടുതൽ ആശ്വാസ നടപടികളുമായി സർക്കാർ

തിരുവനന്തപുരം: സംസ്ഥാനത്തെ വയോജനങ്ങൾക്കായി കൂടുതൽ ആശ്വാസ നടപടികളുമായി സർക്കാർ. വിവിധ മേഖലകളിൽ വിദഗ്ദ്ധ അനുഭവങ്ങളുള്ളവരാണ് വയോജനങ്ങൾ. അവ നാടിന്റെ വികസനത്തിന് ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികളാണ് സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുകയെന്ന് മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു.

വിപുലമായ വയോജന സർവേ ഇതിന്റെ ഭാഗമായി നടത്തും. വയോജനങ്ങൾക്ക് മരുന്ന് വീട്ടിലെത്തിച്ചു നൽകുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കാരുണ്യ അറ്റ് ഹോം പദ്ധതി നടപ്പാക്കും. കമ്പോള വിലയേക്കാൾ താഴ്ന്ന നിരക്കിൽ കാരുണ്യ ഫാർമസികളിൽ നിന്ന് മരുന്ന് എത്തിക്കും. എല്ലാ വാർഡുകളിലും കുടുംബശ്രീ മേൽനോട്ടത്തിൽ വയോക്ലബുകളും ആരംഭിക്കും. നിലവിലുള്ള വായനശാലകളെയും വാടകയ്ക്കെടുക്കുന്ന വീടുകളെയും ഇതിനായി ഉപയോഗപ്പെടുത്തും. സ്വകാര്യവൃദ്ധസദനങ്ങളിലെ പ്രശ്നങ്ങൾ പഠിക്കാൻ റിട്ട.ജസ്റ്റിസ് സി എൻ രാമചന്ദ്രൻ നായർ അധ്യക്ഷനായുള്ള കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ ചർച്ച ചെയ്ത് നടപ്പാക്കും. വയോജന ക്ലിനിക്കുകളും പ്രത്യേക ഒ പികളും ആശുപത്രികളിൽ തുടങ്ങിയിട്ടുണ്ട്. ഇവ കൂടുതൽ ശക്തിപ്പെടുത്തും. മുതിർന്ന പൗരൻമാരുടെ പ്രധാന ആവശ്യങ്ങളായ കൃത്രിമ ദന്തങ്ങൾ, കൃത്രിമ ശ്രവണ സഹായികൾ വിതരണം ചെയ്യും. ദീർഘകാല പരിചരണം ആവശ്യമായ കിടപ്പുരോഗികൾക്കൊപ്പം, ഡിമെൻഷ്യ അൽഷിമേഴ്സ് തുടങ്ങിയവ ബാധിച്ച വൃദ്ധജനങ്ങൾക്ക് പരിചരണം നൽകുന്ന സാന്ത്വന പ്രവർത്തകർ ഇപ്പോൾത്തന്നെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സജ്ജരാണ്. ഈ സംവിധാനം കൂടുതൽ ശക്തമാക്കും. സംസ്ഥാന, ജില്ല, പ്രാദേശിക തലങ്ങളിൽ വയോജന കൗൺസിലുകൾക്കു രൂപം നൽകും. വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ താലൂക്ക്, ജില്ല, മെഡിക്കൽ കോളജ് ആശുപത്രികളിൽ ജെറിയാട്രിക്സ് ക്ലിനിക്കുകൾ ആരംഭിക്കും. പ്രായമായ സ്ത്രീകളുടെ ആരോഗ്യപ്രശ്നങ്ങൾക്ക് പ്രത്യേക പരിഗണന നൽകുമെന്ന് മന്ത്രി പറഞ്ഞു.

# 13 ഹൈക്കോടതികളിൽ ചീഫ് ജസ്റ്റിസുമാരെ നിയമിക്കാൻ കൊളീജിയം ശുപാർശ

ന്യൂഡൽഹി: രാജ്യത്തെ 13 ഹൈക്കോടതികളിൽ പുതിയ ചീഫ് ജസ്റ്റിസുമാരെ നിയമിക്കാൻ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് എൻ വി രമണ അധ്യക്ഷനായ കൊളീജിയം ശുപാർശ ചെയ്തു. കൊൽക്കത്ത ഹൈക്കോടതി ആക്ടിംഗ് ചീഫ് ജസ്റ്റിസ്, രാജേഷ് ബിൻഡാൽ ഉൾപ്പെടെ എട്ട് പേരുകളാണ് ചീഫ് ജസ്റ്റിസ് ശുപാർശ ചെയ്തത്.

ശുപാർശ കേന്ദ്രം അംഗീകരിച്ചാൽ ജസ്റ്റിസ് ബിൻഡാൽ അലഹബാദ് ഹൈക്കോടതി ജീഫ് ജസ്റ്റിസ് ആകും. ജസ്റ്റിസ് യു യു ലളിത്, എ എം ഖാൻവിൽകർ എന്നിവരെയും ചീഫ് ജസ്റ്റിസ് സ്ഥാനത്തേക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

മേഖാലയ, തെലങ്കാന, കൊൽക്കത്ത, മധ്യപ്രദേശ്, കർണാടക, ഗുജറാത്ത്, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ ഹൈക്കോടതികളിലേക്കാണ് ചീഫ് ജസ്റ്റിസുമാരെ ശുപാർശ ചെയ്തിരിക്കുന്നത്.

കൂടാതെ മറ്റ് ഹൈക്കോടതികളിലേക്ക് സ്ഥലംമാറ്റിയ അഞ്ച് ചീഫ് ജസ്റ്റിസുമാരുടെ പട്ടികയും സുപ്രീം കോടതി വെളിപ്പെടുത്തി. ത്രിപുര ഹൈക്കോടതി ചീഫ് ജസ്റ്റിസ് അകിൽ ഖുറേഷിയെ രാജസ്ഥാൻ ഹൈക്കോടതിയിലേക്കും രാജസ്ഥാൻ ഹൈക്കോടതി ജീഫ് ജസ്റ്റിസ് ഇന്ദ്രജിത് മഹാന്ദിയെ ത്രിപുര ഹൈക്കോടതി ജീഫ് ജസ്റ്റിസുമായാണ് ശുപാർശ ചെയ്തിരിക്കുന്നത്. മധ്യപ്രദേശ് ഹൈക്കോടതി ചീഫ് ജസ്റ്റിസ് മൊഹമ്മദ് റാഫിഖിനെ ഹിമാചൽ പ്രദേശ് ചീഫ് ജസ്റ്റിസായും മേഖാലയ ഹൈക്കോടതി ജീഫ് ജസ്റ്റിസ് ബാശ്വാനന്ദ് സൊമ്മാദാറിനെ സിക്കിം ഹൈക്കോടതിയിലേക്കുമാണ് ശുപാർശ ചെയ്തത്.

ഏപ്രിലിൽ ചീഫ് ജസ്റ്റിസായി ചുമതലയേറ്റ ശേഷം ജസ്റ്റിസ് രമണ വിവിധ ഹൈക്കോടതികളിലേക്ക് നിയമിക്കുന്നതിന് നൂറോളം പേരുകൾ ശുപാർശ ചെയ്തിട്ടുണ്ട്.

# ഡ്യൂട്ടി കഴിഞ്ഞ് മടങ്ങിയ ആരോഗ്യപ്രവർത്തകയെ തട്ടിക്കൊണ്ടുപോകാൻ ശ്രമം

അമ്പലപ്പുഴ: കോവിഡ് ഡ്യൂട്ടി കഴിഞ്ഞ് അർധരാത്രിയിൽ സ്കൂട്ടറിൽ വീട്ടിലേക്ക് മടങ്ങുകയായിരുന്ന ആരോഗ്യപ്രവർത്തകയെ അടിച്ചുവീഴ്ത്തി ബൈക്കിലെത്തിയ രണ്ടംഗ സംഘം തട്ടിക്കൊണ്ടുപോകാൻ ശ്രമിച്ചു. പട്രോളിംഗിനെത്തിയ പൊലീസ് സംഘത്തെ കണ്ട് അക്രമിസംഘം രക്ഷപ്പെട്ടു. പരിക്കേറ്റ യുവതിയെ ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

തൃക്കുന്നപ്പുഴ പാനൂർ ഫാത്തിമ മൻസിലിൽ നവാസിന്റെ ഭാര്യ സുബിനയ്ക്കാണ് (27) പരിക്കേറ്റത്. തിങ്കളാഴ്ച രാത്രി 11.50 ന് തോട്ടപ്പള്ളിതൃക്കുന്നപ്പുഴ റോഡിൽ പല്ലന ഹൈസ്കൂൾ ജംഗ്ഷന് വടക്ക് ഭാഗത്തായിരുന്നു സംഭവം. തൃക്കുന്നപ്പുഴ പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു. ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ആരോഗ്യ പ്രവർത്തകയായ സുബിന പതിവായി ഡ്യൂട്ടി കഴിഞ്ഞ് സ്കൂട്ടറിലാണ് 17കിലോമീറ്റർ അകലെയുള്ള പാനൂർക്കരയിലെ വീട്ടിലേക്ക് പോകുന്നത്.

ഇന്നലെ രാത്രി 11മണിയോടെ ദേശീയപാതയിൽ നിന്ന് തോട്ടപ്പള്ളി തൃക്കുന്നപ്പുഴ റോഡിൽ പ്രവേശിച്ച സുബിനയെ ബൈക്കിൽ രണ്ടുപേർ പിന്തുടർന്നു. പല്ലന ഹൈസ്കൂൾ ജംഗ്ഷന് വടക്ക് ഭാഗത്ത് എത്തിയപ്പോൾ അക്രമിസംഘം മുന്നിലേക്ക് ബൈക്ക് ഓടിച്ച് കയറ്റിയ ശേഷം സുബിനയുടെ സ്കൂട്ടർ തടയാൻ ശ്രമിച്ചു. ഇതിനിടെ നിയന്ത്രണം വിട്ട സ്കൂട്ടർ സമീപത്തെ വൈദ്യുതി പോസ്റ്റിൽ ഇടിച്ചുനിന്നു. വാഹനത്തിൽ നിന്ന് ഇറങ്ങിയപ്പോൾ മാലയുണ്ടോയെന്ന് സുബിനയോട് അക്രമികൾ ചോദിച്ചു. ഇല്ലെന്ന് പറഞ്ഞപ്പോൾ കൈയിൽ ഉണ്ടായിരുന്ന ഹെൽമെറ്റ് ഉപയോഗിച്ച് യുവതിയുടെ തലക്ക് അടിക്കുകയായിരുന്നു. തുടർന്ന് യുവതിയെ ബൈക്കിൽ കയറ്റാൻ അക്രമിസംഘം ശ്രമിച്ചു.യുവതി ഇതിനിടെ സമീപത്തെ വീടിന് അടുത്തേക്ക് ഓടിപ്പോയി. ഈ സമയം തൃക്കുന്നപ്പുഴയിൽ നിന്ന് വന്ന പട്രോളിംഗ് വാഹനത്തിന്റെ വെളിച്ചം കണ്ട അക്രമിസംഘം രക്ഷപ്പെട്ടു.

പൊലീസ് സംഘം തോട്ടപ്പള്ളിയിലേക്ക് പോകുമ്പോൾ ഒരു യുവതി സ്കൂട്ടറിലും ഇവർക്ക് പിന്നാലെ 50 മീറ്റർ പിന്നിലായി ബൈക്കിൽ രണ്ടുപേരും പോകുന്നത് കണ്ടിരുന്നു. വൈദ്യുത പോസ്റ്റിന് സമീപം സ്കൂട്ടർ ചാരിയ നിലയിൽ കണ്ടതിനെ തുടർന്ന് പൊലീസ് വാഹനം നിർത്തിയത്. ഈ സമയം സുബിന പൊലീസ് സംഘത്തിനടുത്തെത്തി കാര്യങ്ങൾ വിവരിച്ചു. ഇതിനിടെ രണ്ട് കിലോമീറ്റർ അകലെയുള്ള വീട്ടിൽ നിന്ന് സുബിനയുടെ ബന്ധുക്കൾ വിവരമറിഞ്ഞെത്തി. ബന്ധുക്കൾ വന്ന വാഹനത്തിൽ ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചു. തലയ്ക്ക് സാരമായ പരിക്കേറ്റിട്ടുണ്ട്.

തൃക്കുന്നപ്പുഴ പൊലീസ് കേസ് എടുത്ത് അന്വേഷണം ആരംഭിച്ചു. സംഭവം നടന്ന പ്രദേശത്തെ സിസിടിവി ദൃശ്യങ്ങൾ പൊലീസ് പരിശോധിച്ചു വരികയാണ്.

# സമ്പന്ന രാജ്യങ്ങൾ പാഴാക്കുന്നത് 100 ദശലക്ഷം ഡോസ്

ലണ്ടൻ: സമ്പന്ന രാജ്യങ്ങൾ 100 ദശലക്ഷത്തോളം കോവിഡ് വാക്സിനുകൾ പാഴാക്കി കളയുന്നതായി റിപ്പോർട്ടുകൾ. ഈ രാജ്യങ്ങൾ സംഭരിച്ചു വച്ചിരിക്കുന്ന വാക്സസിനുകളുടെ കാലാവധി ഈ വർഷാവസനത്തോടെ അവസാനിക്കുമെന്നാണ് പുറത്തു വരുന്ന വിശകലനങ്ങൾ.

ശാസ്ത്ര വിശകലന സ്ഥാപനമായ എയർഫിനിറ്റി പുറത്തുവിട്ട കണക്കുകൾ അനസരിച്ച് അവികസിത രാജ്യങ്ങളിലെ 1.9 ശതമാനം ജനങ്ങൾക്കു മാത്രമാണ് കോവിഡ് വാക്സിന്റെ ഒന്നാം ഡോസെങ്കിലും ലഭിച്ചത്. എന്നാൽ യുഎസിൽ 63 ശതമാനം പേർക്കും യുകെയിൽ 71 ശതമാനം പേർക്കുമാണ് വാക്സിന്റെ ഒന്നാം ഡോസ് നൽകിയത്. കാലാവധി കഴിയുന്ന 100 ദശലക്ഷം വാക്സിനുകളുടെ 41 ശതമാനം യുറോപ്യൻ യൂണിയന്റെ കൈവശവും 32 ശതമാനം യുഎസിന്റെ കൈവശവുമാണെന്നാണ് കണക്കുകൾ.

ഗ്ലോബൽ ജസ്റ്റിസ് നൗ പുറത്തു വിട്ട വിവരങ്ങൾ പ്രകാരം , അവികസത രാജ്യങ്ങൾ നേരിടുന്ന വാക്സിൻ ക്ഷാമത്തിന്റെ അടിസ്ഥാന കാരണം സമ്പന്ന രാജ്യങ്ങൾ സംഭരിച്ചുവയ്ക്കുന്ന ഇത്തരം വാക്സിൻ ഡോസുകളാണ്. കോവിഡ് 19 വാക്സിനുകളുടെ ബൗദ്ധിക സ്വത്തവകാശ നിയമങ്ങൾ ഒഴിവാക്കുന്നതുൾപ്പെടെ അവികസിത രാജ്യങ്ങൾക്ക് വാക്സിൻ ലഭ്യമാക്കാൻ സർക്കാരുകൾ നടപടികൾ സ്വീകരിക്കണമെന്നും ഗ്ലോബൽ ജസ്റ്റിസ് നൗ ഡയറക്ടർ നിക് ഡിയർഡെൻ പറഞ്ഞു.

വാക്സിൻ ഉല്പാദനം കുത്തകാവകാശമായി കൈവശം വച്ചിരിക്കുന്ന രാജ്യങ്ങൾ ബൗദ്ധീക സ്വത്തവകാശം ഒഴിവാക്കിയാൽ മറ്റ് പല രാജ്യങ്ങൾക്കും വാക്സിൻ നിർമ്മിക്കാൻ കഴിയും.

കോവിഡിനായുള്ള എംആർഎൻഎ വാക്സിനുകൾ നിർമ്മിക്കാൻ ആഫ്രിക്കയടക്കമുള്ള അവികസിത രാജ്യങ്ങൾ സജ്ജമാണ്. ആഫ്രിക്കൻ രാജ്യങ്ങളിലെ ഏഴോളം വാക്സിൻ നിർമ്മാതാക്കളാണ് എംആർഎൻഎ വാക്സിനുകൾ നിർമ്മിക്കാൻ സന്നദ്ധമായി മുന്നോട്ട് വന്നിട്ടുള്ളത്.

അവികസിത രാജ്യങ്ങളിലും വാക്സിൻ വിതരണത്തിലെ തുല്യത ഉറപ്പാക്കാൻ വേണ്ടി ഡബ്ല്യുഎച്ച്ഒ നടപ്പാക്കുന്ന കോവാക്സ് പദ്ധതിയും ഇഴഞ്ഞാണ് നീങ്ങുന്നത്.

യുനിസെഫ്, സിഇപിഐ തുടങ്ങിയ സംഘടനകളും കൈകോർക്കുന്ന പദ്ധതിയിൽ ഈ വർഷം 200 കോടി ഡോസുകൾ വിതരണം ചെയ്യാനായിരുന്നു ലക്ഷ്യം. വാക്സിൻ ലഭിക്കാതെയായതോടെ 140 കോടിയായി ലക്ഷ്യം പുതുക്കിനിശ്ചയിച്ചിരുന്നു.

# മിനിമം വേതന ഉപസമിതിയോഗം വെള്ളിയാഴ്ച

തിരുവനന്തപുരം : സംസ്ഥാനത്തെ ടിഎംടി സ്റ്റീൽ ബാർ നിർമാണം, ടാണറീസ് ആൻഡ് ലെതർ നിർമാണം, ടൈൽ വ്യവസായം എന്നീ മേഖലകളിലെ മിനിമം വേതനം നിശ്ചയിക്കുന്നതിനായി ഉപദേശക ഉപസമിതിയുടെ ഉത്തരമേഖലയിലെ തെളിവെടുപ്പ് യോഗം വെള്ളിയാഴ്ച ചേരും. കോഴിക്കോട് ഗാന്ധിറോഡിലെ കേരളാ സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ ഹാളിലാണ് തെളിവെടുപ്പ് യോഗം നടക്കുക.ടിഎംടി സ്റ്റീൽ ബാർ നിർമാണ മേഖലയിലെ യോഗം രാവിലെ 11 മണിക്കും ടാണറീസ് ആൻഡ് ലെതർ നിർമാണ മേഖലയിലെ യോഗം 12 മണിക്കും ടൈൽ വ്യവസായ മേഖലയിലെ യോഗം ഉച്ചയ്ക്ക് രണ്ടു മണിക്കും നടക്കും.ഈ മേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ തൊഴിലാളി , തൊഴിലുടമ പ്രതിനിധികൾ തെളിവെടുപ്പ് യോഗത്തിൽ പങ്കെടുക്കണം.

# ഓൺലൈൻ പരിശീലനം

'പാലിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ' എന്ന വിഷയത്തിൽ ഓച്ചിറ ക്ഷീരോല്പാദന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 24 ന് രാവിലെ 11 മണി മുതൽ ഓൺലൈൻ പരിശീലനം നടക്കും. പങ്കെടുക്കുന്നതിന് 24 ന് രാവിലെ 10.30 വരെ 0476 2698550 നമ്പറിൽ വിളിച്ചും 9947775978 വാട്സാപ്പ് നമ്പറിലേക്ക് പേരും മേൽവിലാസവും അയച്ചും രജിസ്റ്റർ ചെയ്യാം.

# ഭക്ഷ്യ സുരക്ഷാ സൂചികയിൽ കേരളത്തിന് രണ്ടാം സ്ഥാനം

തിരുവനന്തപുരം : ഭക്ഷ്യ സുരക്ഷാ പദ്ധതി സൂചികയിൽ സംസ്ഥാനത്തിന് ദേശീയ പുരസ്കാരം. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഭക്ഷ്യ സുരക്ഷാ സൂചികയിൽ രണ്ടാം സ്ഥാനമാണ് ലഭിച്ചത്. അഞ്ച് മാനദണ്ഡങ്ങൾ പരിഗണിച്ചാണ് പദ്ധതി നിർവഹണത്തിൽ സംസ്ഥാനങ്ങളുടെ പ്രകടനം വിലയിരുത്തിയത്. ട്രോഫിയും പ്രശസ്തി ഫലകവും അടങ്ങിയതാണ് പുരസ്കാരം.

സംസ്ഥാനം നടപ്പിലാക്കി വരുന്ന മികച്ച ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ് ഈ പുരസ്കാരമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്ജ് പറഞ്ഞു. ലൈസൻസും രജിസ്ട്രേഷനും, ഭക്ഷ്യ സുരക്ഷാ ലബോറട്ടറിയുടെ മികവ്, മൊബൈൽ ലാബുകൾ, കുറ്റക്കാർക്കെതിരെ നടപടി, ബോധവത്ക്കരണം എന്നിവയിലെല്ലാം മികച്ച സൂചികയിലാണ് സംസ്ഥാനമുള്ളത്. ജനങ്ങളുടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി സർക്കാർ നിരവധി പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ഭക്ഷ്യ വസ്തുക്കളിലെ മായം കണ്ടെത്താൻ വലിയ പ്രവർത്തനങ്ങളാണ് നടക്കുന്നത്. പരിശോധനയ്ക്കായി മൂന്ന് എൻഎബിഎൽ അക്രഡിറ്റഡ് ലാബുകളാണുള്ളത്. ഇതുകൂടാതെ മൊബൈൽ പരിശോധനാ ലാബുകളുമുണ്ട്. ഗ്രാമങ്ങളിൽ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ ഭക്ഷ്യ സുരക്ഷ ഗ്രാമപഞ്ചായത്തുകളും സംഘടിപ്പിച്ച് വരുന്നതായും മന്ത്രി വ്യക്തമാക്കി.

# സമ്പൂർണ ആന്റിബയോട്ടിക് സാക്ഷരതയുള്ള സംസ്ഥാനമാക്കാൻ കർമ്മ പദ്ധതി

## മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു

2023 ഓടെ സമ്പൂർണ ആന്റിബയോട്ടിക് സാക്ഷരതയുള്ള സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ പ്രത്യേക കർമ്മ പദ്ധതി തയ്യാക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. സംസ്ഥാനം ആവിഷ്ക്കരിച്ച കേരള ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ (ഗലൃമഹമ അിശോശരൃീയ ശമഹ ഞലശെശമിേരല ട്ടേ മലേഴശര അരശേീി ജഹമി ഗഅഞടഅജ) ശക്തമാക്കുന്നതിന്റെ ഭാഗമായാണ് ആന്റിബയോട്ടിക് സാക്ഷരതയുള്ള സംസ്ഥാനമാക്കി മാറ്റാൻ പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കിയത്. ഇതിനെ നവകേരളം കർമ്മപദ്ധതി രണ്ടിന്റെ ഭാഗമാക്കി മാറ്റുമെന്ന് മന്ത്രി വ്യക്തമാക്കി. മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ ചേർന്ന കേരള ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ അവലോകന യോഗത്തിലാണ് ഇതുസംബന്ധിച്ച് തീരുമാനമെടുത്തത്. ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാനിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ യോഗം വിലയിരുത്തി. കോവിഡ് കാരണം എ.എം.ആർ. പ്രവർത്തനങ്ങൾ മന്ദഗതിയിലായത് ഊർജിതമാക്കാൻ തീരുമാനമെടുത്തു. അടുത്ത മൂന്ന് വർഷത്തിനകം ലക്ഷ്യം കൈവരിക്കാനായി ഹ്രസ്വമായതും ദീർഘമായതുമായ സമയം കൊണ്ട് പരിഹരിക്കേണ്ട പ്രശ്നങ്ങൾ കണ്ടെത്തി ആക്ഷൻ പ്ലാൻ വിപുലപ്പെടുത്തും. ജില്ലാതലങ്ങളിൽ എ.എം.ആർ. കമ്മിറ്റികൾ രൂപീകരിക്കും. എറണാകുളം ജില്ലയിൽ വിജയകരമായി പരീക്ഷിച്ച ഹബ് ആന്റ് സ്പോക്ക് മാതൃക മറ്റ് ജില്ലകളിലേക്കും വ്യാപിപ്പിക്കാനും തീരുമാനിച്ചു.

എല്ലാ മൂന്ന് മാസവും എ.എം.ആർ. അവലോകന യോഗങ്ങൾ സംഘടിപ്പിച്ച് ലക്ഷ്യം പൂർത്തിയാക്കും. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി വിപുലമായ ക്യാമ്പയിൻ സംഘടിപ്പിക്കും. സ്കൂൾ വിദ്യാർത്ഥികളിൽ അവബോധം ശക്തിപ്പെടുത്തുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കുന്നതാണ്. എ.എം.ആർ. നിരീക്ഷണ ശൃംഖല (ഗഅഞചലേ) വിപുലീകരിക്കാൻ തീരുമാനിച്ചു. പരിസ്ഥിതി, ജലം, പാൽ, മത്സ്യ മാംസാദികൾ, ആഹാര പദാർത്ഥങ്ങൾ എന്നിവയിൽ കാണുന്ന ആന്റിബയോട്ടിക്കളുടെ അംശങ്ങളെ പറ്റിയുള്ള പഠനങ്ങൾ വിവിധ വിഭാഗങ്ങൾ അവതരിപ്പിച്ചു. അത് നിയന്ത്രിക്കാൻ വേണ്ടിയുള്ള നടപടികളും ചർച്ച ചെയ്തു.

ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജൻ എൻ. ഖോബ്രഗഡെ, മുഖ്യമന്ത്രിയുടെ സയന്റിഫിക് അഡൈ്വസർ എം.സി. ദത്തൻ, ആരോഗ്യ വകുപ്പ് ഡയറക്ടർ, ഐ.എസ്.എം. ഡയറക്ടർ, ഭക്ഷ്യ സുരക്ഷാ കമ്മീഷണർ, ഡ്രഗ്സ് കൺട്രോളർ, മെഡിക്കൽ കോളേജ് മൈക്രോളജി വിഭാഗം മേധാവി, മൃഗസംരക്ഷണ വകുപ്പ്, ഫിഷറീസ് വകുപ്പ്, വെറ്റിനറി യൂണിവേഴ്സിറ്റി, ഫിഷറീസ് യൂണിവേഴ്സിറ്റി, മലിനീകരണ നിയന്ത്രണ ബോർഡ്, ആർ.ജി.സി.ബി., അസോസിയേഷൻ ഓഫ് ഫിസിഷ്യൻസ്, ഐ.എം.എ., ഐ.എ.പി, സ്വകാര്യ മേഖല, തുടങ്ങിയ വിഭാഗങ്ങളിലെ പ്രതിനിധികളും യോഗത്തിൽ പങ്കെടുത്തു.

# ഗുജറാത്ത് തുറമുഖത്ത് പിടിച്ചെടുത്തത് 21,000 കോടിയുടെ മയക്കുമരുന്ന്

അഹമ്മദാബാദ്: ഗുജറാത്തിലെ മുന്ദ്ര തുറമുഖത്തുനിന്നും കഴിഞ്ഞ ആഴ്ച പിടിച്ചെടുത്ത മയക്കുമരുന്നിന്റെ യഥാർത്ഥ മൂല്യം 21,000 കോടിയെന്ന് ഡയറക്ടറേറ്റ് ഓഫ് റവന്യു ഇന്റലിജൻസ് (ഡിആർഐ). ഇന്ത്യയിൽ വിപണനം നടത്തുന്നതിനായി അഫ്ഗാനിസ്ഥാനിൽ നിന്നെത്തിച്ച മയക്കുമരുന്നാണിതെന്നാണ് രഹസ്യാന്വേഷണ വിഭാഗങ്ങൾ നൽകുന്ന പ്രാഥമിക വിവരം. രണ്ട് കണ്ടെയ്നറുകളിലായി സൂക്ഷിച്ചിരുന്ന ഹെറോയിൻ ഏഴു ദിവസം മുമ്പാണ് പിടിച്ചെടുത്തത്. മയക്കുമരുന്നിന്റെ മൂല്യം 3500 കോടി രൂപയാണെന്നായിരുന്നു പ്രാഥമിക കണക്ക്. ഐഐസിനും താലിബാനും വേണ്ടി ഭീകരപ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താനുള്ള ശ്രമങ്ങളുടെ ഭാഗമാണിതെന്ന് ഉന്നത രഹസ്യാന്വേഷണ വൃത്തങ്ങൾ പറഞ്ഞു. അഫ്ഗാനിസ്ഥാനിൽ നേരത്തെ മയക്കുമരുന്നിന് നിരോധനം ഏർപ്പെടുത്തിയിരുന്നെങ്കിലും താലിബാൻ ഭരണം പിടിച്ചെടുത്തതോടെ മയക്കുമരുന്നുക്കടത്തൽ കൂടുതൽ സജീവമായതായും റിപ്പോർട്ടുകളുണ്ട്. രണ്ട് കണ്ടെയ്നറുകളിലായി 1999.579 കിലോ ഹെറോയിൻ ആണ് പിടിച്ചെടുത്തത്. സംഭവത്തിൽ ചെന്നൈ സ്വദേശികളായ ഗോവിന്ദ രാജു ദുർഗാപുരം വൈശാലി, ഭർത്താവ് മച്ചവരം സുധാകർ എന്നിവരെ അറസ്റ്റു ചെയ്തിട്ടുണ്ട്. ബുജ് കോടതിയിൽ ഹാജരാക്കിയ ഇവരെ 10 ദിവസത്തെ റിമാൻഡിൽ വിട്ടു. ടാൽകം പൗഡർ എന്ന വ്യാജേനയാണ് ദമ്പതികൾ കണ്ടെയ്നറുകൾ കൊണ്ടുവന്നത്. വിജയവാഡയിലെ ആഷി ട്രേഡിങ് കമ്പനിക്കു വേണ്ടി അഫ്ഗാനിസ്ഥാനിലെ കാണ്ഡഹാറിലുള്ള ഹസൻ ഹുസൈൻ ലിമിറ്റഡ് ആണ് കണ്ടെയ്നറുകൾ കയറ്റി അയച്ചത്. ദമ്പതികളുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ഡൽഹിയിലുള്ള അഫ്ഗാൻ പൗരന്മാരെ ചോദ്യം ചെയ്യുന്നുണ്ട്.

# തീവ്രവാദ പ്രസ്ഥാനങ്ങൾക്ക് നൻമയുടെ മുഖം നൽകുന്നത് സാമൂഹ്യ ഐക്യത്തെ ദുർബലപ്പെടുത്തും: മുഖ്യമന്ത്രി

തീവ്രവാദ പ്രസ്ഥാനങ്ങൾക്ക് നൻമയുടെ മുഖം നൽകുന്നത് നമ്മുടെ സാമൂഹ്യ ഐക്യത്തെ ദുർബലപ്പെടുത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സ്വാതന്ത്ര്യത്തിന്റെ പര്യായമായി വരെ അത്തരം പ്രസ്ഥാനങ്ങളെ ചിലർ ഉയർത്തിക്കാട്ടുന്നുണ്ട്. ഇത്തരം പ്രതിലോമകരമായ കാഴ്ചപ്പാടുകൾ നമ്മുടെ സ്വാതന്ത്ര്യത്തെ തന്നെ അപകടത്തിലാക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിലെ ആദ്യത്തെ വിദ്യാർത്ഥി സമരത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച് സാംസ്കാരിക വകുപ്പ് തിരുവനന്തപുരം അയ്യൻകാളി ഹാളിൽ സംഘടിപ്പിച്ച സ്വാതന്ത്ര്യം തന്നെ അമൃതം പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സാമൂഹ്യതിൻമകൾക്ക് ഏതെങ്കിലും ഒരു മതത്തിന്റെ നിറം നൽകുന്ന പ്രവണതയും ഇന്ന് ഉയർന്നു വരുന്നു. അതിനെ മുളയിലേ നുള്ളിക്കളയണം. സാമൂഹ്യ തിൻമകൾക്ക് നേതൃത്വം നൽകുന്നത് സമൂഹത്തിന്റെ പൊതുതാത്പര്യത്തിന് എതിരായി നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരാണ്. അതിനെ ഏതെങ്കിലും വിഭാഗത്തോടു മാത്രം ചേർത്ത് ഉപമിക്കരുത്. അങ്ങനെ ചെയ്യുന്നത് അത്തരം തിൻമകൾക്കെതിരായ പൊതുഐക്യത്തെ ദുർബലപ്പെടുത്തും. സമൂഹത്തിലെ വേർതിരിവുകൾ വർധിക്കാനേ അത്തരം നടപടി ഉപകരിക്കൂ. ജാതിക്കും മതത്തിനും അതീതമായി ജീവിക്കാനും ചിന്തിക്കാനും പഠിപ്പിച്ച ശ്രീനാരായണ ഗുരുവിന്റെ ഓർമ പുതുക്കുന്ന ദിനത്തിൽ ജാതിയെയും മതത്തെയും വിഭജനത്തിനുള്ള ആയുധമായി ഉപയോഗിക്കുന്നവരെ പ്രതിരോധിക്കുമെന്ന പ്രതിജ്ഞയാണ് എടുക്കേണ്ടതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ഇന്നത്തെ ഇന്ത്യൻ സാഹചര്യം പരിശോധിക്കുമ്പോൾ മാർട്ടിൻ ലൂഥർ കിംഗിന്റെ വാക്കുകൾ പ്രസക്തമാണ്. അന്ധകാരത്തെ അന്ധകാരം കൊണ്ട് തുടച്ചു നീക്കാനാവില്ല, വെളിച്ചം കൊണ്ടേ സാധിക്കൂ. വിദ്വേഷത്തെ വിദ്വേഷം കൊണ്ട് തുടച്ചു നീക്കാനാവില്ല, സ്നേഹം കൊണ്ടേ നീക്കം ചെയ്യാനാവൂ എന്നാണ് അദ്ദേഹം പറഞ്ഞത്. വിദ്വേഷത്തിന്റെ അന്ധകാരം ഉണ്ടാക്കാൻ ശ്രമിക്കുന്ന ശക്തികളെ പ്രത്യേകം കാണേണ്ടതുണ്ട്. പ്രതിലോമകരമായ പ്രവണതകളെ ചെറുത്ത് തോൽപ്പിക്കാൻ വിദ്യാഭ്യാസം അനിവാര്യമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

രാജ്യമെമ്പാടും നിലനിന്ന നിസഹകരണ പ്രസ്ഥാനത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട സമരമായി വേണം കേരളത്തിലെ ആദ്യത്തെ വിദ്യാർത്ഥി സമരത്തെ കാണേണ്ടത്.

അക്കാലത്തെ അയ്യൻകാളിയുടെ പ്രതിഷേധങ്ങളും പൗരാവകാശ പ്രക്ഷോഭവും വിദ്യാർത്ഥി സമൂഹത്തിന് പ്രചോദനമായിട്ടുണ്ട്. ബ്രിട്ടീഷ് സാമ്രാജ്യവും അവരോടു വിധേയത്വം പുലർത്തിയിരുന്ന നാട്ടുരാജ്യങ്ങളും ഇത്തരം സമരങ്ങളെയെല്ലാം സാമ്രാജ്യത്വ വിരുദ്ധ സമരങ്ങളായാണ് കണ്ടിരുന്നത്. വിദ്യാർത്ഥി സമരത്തിന് ജനപിന്തുണ ഏറിയതും അതിനെ മർദ്ദിച്ചൊതുക്കാൻ കഴിയില്ലെന്ന് ബോധ്യപ്പെടുകയും ചെയ്തപ്പോഴാണ് ഫീസ് വർധനവ് പിൻവലിച്ചതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ശ്രീനാരായണ ഗുരുവിന്റെ സമാധിദിനം കൂടിയാണ് ഇന്ന്. കേരളത്തിലെ സാമൂഹ്യ വിദ്യാഭ്യാസ മുന്നേറ്റങ്ങൾക്ക് അദ്ദേഹം നൽകിയ സംഭാവനകൾ ഓർത്തെടുക്കാൻ ഈ ദിനം ഉപകരിക്കും. അത് വരുംതലമുറയ്ക്ക് കൈമാറാൻ ശ്രമം നടക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

വിദ്യാർത്ഥി സമരത്തിന്റെ നൂറു വർഷത്തെ ചരിത്രം വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിന് സാംസ്കാരിക വകുപ്പ് ബൃഹദ് പദ്ധതി തയ്യാറാക്കുമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ പറഞ്ഞു. മന്ത്രിമാരായ വി. ശിവൻകുട്ടി, ആന്റണി രാജു, ജി. ആർ. അനിൽ, മേയർ ആര്യാ രാജേന്ദ്രൻ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ വി. കാർത്തികേയൻ നായർ എന്നിവർ സംബന്ധിച്ചു.

# സംസ്ഥാനത്ത് 15,768 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു



കേരളത്തിൽ 15,768 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. തൃശൂർ 1843, കോട്ടയം 1632, തിരുവനന്തപുരം 1591, എറണാകുളം 1545, പാലക്കാട് 1419, കൊല്ലം 1407, മലപ്പുറം 1377, ആലപ്പുഴ 1250, കോഴിക്കോട് 1200, കണ്ണൂർ 993, പത്തനംതിട്ട 715, ഇടുക്കി 373, വയനാട് 237, കാസർഗോഡ് 186 എന്നിങ്ങനെയാണ് ജില്ലകളിൽ രോഗം സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 1,05,513 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ എട്ടിന് മുകളിലുള്ള 678 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 2507 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 4,86,600 പേരാണ് നിരീക്ഷണത്തിലുള്ളത്. ഇവരിൽ 4,62,691 പേർ വീട്/ഇൻസ്റ്റിറ്റിയൂഷണൽ ക്വാറന്റീനിലും 23,909 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 1676 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. നിലവിൽ 1,61,195 കോവിഡ് കേസുകളിൽ, 13.7 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 214 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് സ്ഥിരീകരിച്ചത്. ഇതോടെ ആകെ മരണം 23,897 ആയി. രോഗം സ്ഥിരീകരിച്ചവരിൽ 124 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 14,746 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 798 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 100 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്. രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 21,367 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 1657, കൊല്ലം 1431, പത്തനംതിട്ട 1206, ആലപ്പുഴ 1104, കോട്ടയം 1460, ഇടുക്കി 803, എറണാകുളം 2712, തൃശൂർ 2448, പാലക്കാട് 1429, മലപ്പുറം 2591, കോഴിക്കോട് 2508, വയനാട് 801, കണ്ണൂർ 752, കാസർഗോഡ് 465 എന്നിങ്ങനെയാണ് രോഗമുക്തിയായത്. ഇതോടെ 1,61,195 പേരാണ് രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ളത്. 43,54,264 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

# വയോജന പരിപാലനത്തിലെ മികവിന് കേരളത്തിന് വയോശ്രേഷ്ഠ സമ്മാൻ പുരസ്കാരം

തിരുവനന്തപുരം: വയോജന പരിപാലനത്തിലെ മികച്ച മാതൃകയ്ക്ക് കേന്ദ്ര സർക്കാരിന്റെ 'വയോശ്രേഷ്ഠ സമ്മാൻ' പുരസ്കാരം കേരളത്തിന്. മുതിർന്ന പൗരൻമാർക്കുള്ള സേവനങ്ങളും സൗകര്യങ്ങളും ഏറ്റവും നന്നായി നടപ്പിൽ വരുത്തിയതിനാണ് ദേശീയ പുരസ്കാരം.

'രക്ഷിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും ക്ഷേമം ഉറപ്പാക്കൽ നിയമം' മികച്ച നിലയിൽ നടപ്പാക്കിയ സംസ്ഥാനം എന്നതാണ് കേരളത്തെ പുരസ്കാരത്തിന് അർഹമാക്കിയത്. കേന്ദ്ര സാമൂഹ്യനീതി മന്ത്രാലയം ഏർപ്പെടുത്തിയ അവാർഡാണിത്.

പുരസ്കാരം അന്താരാഷ്ട്ര വയോജനദിനത്തിൽ (ഒക്ടോബർ ഒന്ന്) ഡൽഹി വിജ്ഞാൻ ഭവനിൽ നടക്കുന്ന ചടങ്ങിൽ സമ്മാനിക്കും.

കോവിഡ് കാലത്ത് മുതിർന്നവരുടെ പരിപാലനത്തിന് ആരംഭിച്ച വയോക്ഷേമ കോൾ സെന്ററുകൾ, വൃദ്ധസദനങ്ങളിലെ സുരക്ഷാസംവിധാനങ്ങൾ, മോഡൽ സായംപ്രഭാ ഹോമുകൾ, വയോമിത്രം പദ്ധതി, വയോജന പാർക്ക് തുടങ്ങിയ പ്രാഥമിക തല സേവനങ്ങൾ, വയോമധുരം (സൗജന്യമായി ഗ്ലൂക്കോമീറ്റർ നൽകുന്ന പദ്ധതി), മന്ദഹാസം (പല്ലു പൊഴിഞ്ഞവർക്കുള്ള ആശ്വാസപദ്ധതി) എന്നീ വ്യക്തിഗത ആനുകൂല്യപദ്ധതികൾ, വൃദ്ധസദനങ്ങളിൽ നടപ്പാക്കിയ വിവിധ ആരോഗ്യമാനസികാരോഗ്യ പരിപാലന നടപടികളും മാനസികോല്ലാസ സൗകര്യങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനങ്ങൾ, ഇക്ഷേമ സോഫ്റ്റ് വേറും മറ്റ് ഓൺലൈൻ ഡാറ്റാ കൈകാര്യ സംരംഭങ്ങളും തുടങ്ങിയവയാണ് അവാർഡിന് പരിഗണിക്കുന്നതിന് കേരളം മുന്നോട്ടുവച്ചതെന്ന് മന്ത്രി ഡോ. ആർ ബിന്ദു വാർത്താസമ്മേളനത്തിൽ പറഞ്ഞു.

# വയോജനങ്ങൾക്ക് കൂടുതൽ ആശ്വാസ നടപടികളുമായി സാമൂഹ്യനീതി വകുപ്പ്

സംസ്ഥാനത്തെ വയോജനങ്ങൾക്കായി കൂടുതൽ ആശ്വാസ നടപടികളിലേക്ക് സാമൂഹ്യനീതി വകുപ്പ് കടക്കുകയാണെന്ന് മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു.

വിവിധ മേഖലകളിൽ വിദഗ്ദ്ധ അനുഭവങ്ങളുള്ളവരാണ് വയോജനങ്ങൾ. അവ നാടിന്റെ വികസനത്തിന് ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികളാണ് സാമൂഹ്യനീതി വകുപ്പ് ആലോചിക്കുന്നത്. വിപുലമായ വയോജന സർവേ ഇതിന്റെ ഭാഗമായി നടത്തുമെന്ന് മന്ത്രി പറഞ്ഞു. വയോജനങ്ങൾക്ക് മരുന്ന് വീട്ടിലെത്തിച്ചു നൽകുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കാരുണ്യ അറ്റ് ഹോം പദ്ധതി നടപ്പാക്കും. കമ്പോള വിലയേക്കാൾ താഴ്ന്ന നിരക്കിൽ കാരുണ്യ ഫാർമസികളിൽ നിന്ന് മരുന്ന് എത്തിക്കും.

എല്ലാ വാർഡുകളിലും കുടുംബശ്രീ മേൽനോട്ടത്തിൽ വയോക്ലബുകളും ആരംഭിക്കും. നിലവിലുള്ള വായനശാലകളെയും വാടകയ്ക്കെടുക്കുന്ന വീടുകളെയും ഇതിനായി ഉപയോഗപ്പെടുത്തും. സ്വകാര്യവൃദ്ധസദനങ്ങളിലെ പ്രശ്നങ്ങൾ പഠിക്കാൻ റിട്ട.ജസ്റ്റിസ് സി എൻ രാമചന്ദ്രൻ നായർ അദ്ധ്യക്ഷനായുള്ള കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ ചർച്ച ചെയ്ത് നടപ്പാക്കും.

വയോജന ക്ലിനിക്കുകളും പ്രത്യേക ഒ.പികളും ആശുപത്രികളിൽ തുടങ്ങിയിട്ടുണ്ട്. ഇവ കൂടുതൽ ശക്തിപ്പെടുത്തും. മുതിർന്ന പൗരൻമാരുടെ പ്രധാന ആവശ്യങ്ങളായ കൃത്രിമ ദന്തങ്ങൾ, കൃത്രിമ ശ്രവണ സഹായികൾ വിതരണം ചെയ്യും. ദീർഘകാല പരിചരണം ആവശ്യമായ കിടപ്പു രോഗികൾക്കൊപ്പം, ഡിമെൻഷ്യ അൽഷിമേഴ്സ് തുടങ്ങിയവ ബാധിച്ച വൃദ്ധജനങ്ങൾക്ക് പരിചരണം നൽകുന്ന സാന്ത്വന പ്രവർത്തകർ ഇപ്പോൾത്തന്നെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സജ്ജരാണ്. ഈ സംവിധാനം കൂടുതൽ ശക്തമാക്കും. സംസ്ഥാന, ജില്ല, പ്രാദേശിക തലങ്ങളിൽ വയോജന കൗൺസിലുകൾക്കു രൂപം നൽകും. വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ താലൂക്ക്, ജില്ല, മെഡിക്കൽ കോളേജ് ആശുപത്രികളിൽ ജെറിയാട്രിക്സ് ക്ലിനിക്കുകൾ ആരംഭിക്കും. പ്രായമായ സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് പ്രത്യേക പരിഗണന നൽകുമെന്ന് മന്ത്രി പറഞ്ഞു.



ജാർഖണ്ഡ് സ്വദേശിയായ ചാന്ദ്മോനിക്ക് മടക്ക ടിക്കറ്റ് നൽകി യാത്രയാക്കുന്നു

# മൃദംഗ വിദ്വാൻ കൊങ്ങോർപ്പിള്ളി പരമേശ്വരൻ നമ്പൂതിരിപ്പാട് ഓർമ്മയായി

പാലക്കാട്: മൃദംഗ വിദ്വാൻ കൊങ്ങോർപ്പിള്ളി പരമേശ്വരൻ നമ്പൂതിരിപ്പാട് (90) അന്തരിച്ചു.

കോവിഡ് രോഗത്തെ തുടർന്ന് പാലക്കാട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഇന്നലെ (2192021) രാവിലെയാണ് മരണം.

ചെമ്പൈ വൈദ്യനാഥ ഭാഗവതർക്കൊപ്പം കച്ചേരി നടത്തി പ്രശസ്തനായ സംഗീതജ്ഞനാണ് പരമേശ്വരൻ നമ്പൂതിരിപ്പാട്. ആകാശവാണി ജീവനക്കാരനായിരുന്നു. ഗുരുവായൂർ കോട്ടപ്പടിയിൽ പരമേശ്വരൻ നമ്പൂതിരിയുടെയും പാർവതി അന്തർജനത്തിന്റെയും മകനായി ജനിച്ച പരമേശ്വരന്റെ സംഗീത താൽപര്യം മനസ്സിലാക്കിയ അച്ഛൻ മണക്കുളം കോവിലകത്തെ മുകുന്ദ രാജാവിന്റെ മുന്നിലെത്തിച്ചു. തുടർന്ന് കുഞ്ചുണ്ണി രാജയുടെ നിർദേശപ്രകാരം മണക്കുളത്ത് സരോജിനി നേത്യാരമ്മയുടെ ശിക്ഷണത്തിൽ സംഗീതമഭ്യസിച്ചു തുടങ്ങി.

എന്നാൽ സംഗീതത്തെക്കാൾ മൃദംഗത്തിലുള്ള അദ്ദേഹത്തിന്റെ കഴിവ് മനസിലാക്കിയ സരോജിനി നേത്യാരണ് മൃദംഗവിദ്വാനായ എരനെല്ലൂർ നാരായണപ്പിഷാരടിയുടെ അടുത്ത് എത്തിച്ചത്. തുടർന്ന് മൂത്തിരിങ്ങോട് നാരായണൻ നമ്പൂതിരിപ്പാട്, പാലക്കാട് അപ്പു അയ്യർ എന്നിവരുടെ കീഴിൽ മൃദംഗം അഭ്യസിച്ച പരമേശ്വരൻ നമ്പൂതിരി ചെമ്പൈ വൈദ്യനാഥ ഭാഗവതരുടെ സംഗീതക്കച്ചേരികളിൽ ഇരുപത് വർഷം മൃദംഗം വായിച്ചു.

ഗുരുവായൂർ ചെമ്പൈ സംഗീതോൽസവത്തെ പരിപോഷിപ്പിക്കുന്നതിൽ നിർണായക പങ്കുവഹിച്ച അദ്ദേഹം ഗുരുവായൂരിൽ പഞ്ചരത്ന കീർത്തനാലാപാനം തുടങ്ങുന്നതിനും ചെമ്പൈ സംഗീതോൽസവത്തിന് തുടക്കം കുറിക്കുന്നതിലും നിർണായക പങ്കുവഹിച്ചിരുന്നു. ആകാശവാണിയിൽ ചെമ്പൈ സംഗീതോൽസവം ആദ്യമായി തൽസമയം സംപ്രേക്ഷണം ചെയ്തതിലും മുഖ്യ പങ്കുവഹിച്ചു.

ഉപരാഷ്ട്രപതിയായിരുന്ന ഡോ.എസ് രാധാകൃഷ്ണനു മുന്നിൽ രാഷ്ട്രപതിഭവനിൽ ചെമ്പൈ അവതരിപ്പിച്ച കച്ചേരിയിലും പരമേശ്വരൻ നമ്പൂതിരിയായിരുന്നു മൃദംഗം വായിച്ചത്.



ശ്രീനാരായണഗുരു മഹസമാധിദിനാചരണവും സെമിനാറും മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യുന്നു

# ശ്രീനാരായണ ഗുരു മഹാസമാധി ദിനം ആചരിച്ചു

സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ അന്തർദേശീയ ശ്രീനാരായണ ഗുരു പഠന ഗവേഷണ കേന്ദ്രം സംഘടിപ്പിച്ച ശ്രീനാരായണ ഗുരു മഹാസമാധി ദിനാചരണത്തിന്റെ ഭാഗമായി വെള്ളയമ്പലത്തുള്ള ശ്രീനാരായണഗുരു പ്രതിമയിൽ സാംസ്കാരിക മന്ത്രി സജി ചെറിയാൻ പുഷ്പാർച്ചന നടത്തി. വി.കെ. പ്രശാന്ത് എം.എൽ.എയുടെ അധ്യക്ഷതയിൽ ശ്രീനാരായണ ഗുരു ദർശനവും സ്ത്രീ സമത്വവും എന്ന വിഷയത്തിൽ മ്യൂസിയം ഹാളിൽ നടന്ന സെമിനാറിന്റെ ഉദ്ഘാടനവും അന്തർ ദേശീയ ശ്രീനാരായണ ഗുരു പഠനകേന്ദ്രം ഡയറക്ടർ ഡോക്ടർ ബി സുഗീത എഴുതിയ അദ്വൈതത്തിന്റെ ഋതുഭേദങ്ങൾ എന്ന പുസ്തകത്തിന്റെ പ്രകാശനവും മന്ത്രി നിർവഹിച്ചു.

എല്ലാമതങ്ങളും ഒന്നാണെന്ന് ലോകത്തോട് പറയാനുതകുന്ന വിധത്തിൽ ഒരു വർഷകാലം നീണ്ടുനിൽക്കുന്ന സാംസ്കാരിക പരിപാടികൾ നടത്താൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. മത തീവ്രവാദത്തെ ശക്തമായി എതിർത്താൽ മാത്രമേ സമൂഹത്തിൽ സ്ത്രീ പുരുഷ സമത്വം സാധ്യമാവുകയുള്ളു. സ്ത്രീ സമത്വം എന്ന വിഷയത്തിൽ ഗുരുദേവൻ ആദ്യം മുന്നോട്ടുവച്ച നിലപാട് സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകുക എന്നതായിരുന്നു. സമൂഹത്തിൽ വർധിച്ചുവരുന്ന അനാചാരം, അന്ധവിശ്വാസം എന്നിവയെല്ലാം സ്ത്രീകളുടെ തുല്യത ഇല്ലാതാക്കുന്നു. സ്ത്രീ വിരുദ്ധ നിലപാടുകൾ വളർന്നുവരുന്ന ഇന്നത്തെ സാമൂഹിക പശ്ചാത്തലത്തിൽ ശ്രീനാരായണഗുരുവിന്റെ വചനങ്ങളും ആശയങ്ങളും ഏറെ പ്രാധാന്യമർഹിക്കുന്നതായി മന്ത്രി പറഞ്ഞു.

ചടങ്ങിൽ വാർഡ് കൗൺസിലർ പാളയം രാജൻ, അന്തർ ദേശീയ ശ്രീനാരായണ ഗുരു പഠനകേന്ദ്രം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ വി സുരേഷ് കുമാർ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ റീന എന്നിവരും സന്നിഹിതരായിരുന്നു.

# 'ബാക്ക് ടു ഹോം'തുണയായി ; ചാന്ദുമോനി തിരികെ ജാർഖണ്ഡിലേക്ക്

ദുരിതജീവിതത്തിൽ നിന്ന് കുടുംബത്തിന്റെ തണലിലേക്ക് മടക്കമൊരുക്കാൻ ജനമൈത്രി റെയിൽവെ പൊലിസ് സംയുക്ത സംരംഭമായ 'ബാക്ക് ടു ഹോം'. മനോനിലതെറ്റി കൊല്ലത്ത് കണ്ടെത്തിയ ജാർഖണ്ഡുകാരി ചാന്ദുമോനിക്ക് ജീവിതം തിരികെ നൽകിയാണ് തുടക്കം. കഴിഞ്ഞ ഓഗസ്റ്റ് 24ന് വെളുപ്പിനാണ് കൊല്ലം റെയിൽവേ സ്റ്റേഷനിലെ പ്ലാറ്റ്ഫോമിൽ ചോരക്കുഞ്ഞുമായി ചാന്ത്മോനിയെ സബ്ഇൻസ്പെക്ടർ അയൂബ്, പോലീസ് ഉദ്യോഗസ്ഥൻ രാജേഷ് എന്നിവർ കണ്ടെത്തിയത്. ആശുത്രിയിൽ എത്തിച്ചെങ്കിലും കുഞ്ഞിനെ രക്ഷിക്കാനായില്ല. പിന്നീട് കരിക്കോട് മഹിളാമന്ദിരത്തിലേക്കാണ് ചാന്ദ്മോനിയെ മാറ്റി. ആറോളം ഭാഷകൾ സംസാരിക്കുന്ന ഇവർക്ക് മാനസിക പ്രശ്നങ്ങൾ ഉണ്ടായിരുന്നു. ആർ. പി.എഫ് സബ് ഇൻസ്പെക്ടറായ ബീനയുടെ വലിയ പരിശ്രമത്തിനൊടുവിലാണ് വിവരങ്ങൾ കണ്ടെത്തി ബന്ധുക്കളെ അറിയിച്ചത്.

സാമ്പത്തികമായി പിന്നാക്കമായിരുന്ന ധാർവ സ്വദേശികളായ കുടുംബത്തിന് യാത്രാച്ചിലവ് സഹിതം നൽകി പൊലിസ് കൂട്ടായ്മ പിന്തുണച്ചു. തുടർന്നാണ് കൊല്ലത്തെത്തിയ ബന്ധുക്കളെ ഏൽപ്പിച്ചത്. എസ്.എച്ച്.ഒ ആർ. എസ്. രഞ്ജു, ആർ. പി. എഫ്. ഇൻസ്പെക്ടർ രജനി നായർ, എ.എസ്.ഐ മനു, സി.പി. ഒമാരായ സതീഷ് ചന്ദ്രൻ, പ്രശാന്ത്, ബിജു, ഡയാന ഫ്രാങ്ക്ളിൻ എന്നിവർ പങ്കെടുത്തു.

# കോവിഡ് പ്രതിരോധം; വാക്സിനേഷൻ ക്യാമ്പുകൾ വർധിപ്പിച്ച് തദ്ദേശസ്ഥാപനങ്ങൾ

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശ സ്ഥാപന പരിധികളിൽ വാക്സിനേഷൻ ക്യാമ്പുകളുടെ എണ്ണം വർദ്ധിപ്പിച്ച് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി. തലവൂർ ഗ്രാമപഞ്ചായത്തിൽ ക്യാമ്പിലൂടെ 500 പേർക്ക് വാക്സിൻ ലഭ്യമാക്കിയതായി പഞ്ചായത്ത് പ്രസിഡന്റ് വി. എസ്. കലാദേവി പറഞ്ഞു. 150 പേർക്ക് കോവാക്സിൻ രണ്ടാം ഡോസ് നൽകി. പതിനെട്ട് വയസ്സിന് മുകളിൽ പ്രായമുള്ള 95 ശതമാനം ആളുകൾക്കും വാക്സിൻ ലഭ്യമാക്കി. രണ്ടാംഘട്ട വാക്സിൻ 59 ശതമാനം പൂർത്തിയാക്കി.

നിലമേൽ ഗ്രാമപഞ്ചായത്തിലെ ബംഗ്ലാംകുന്ന് എം.എം.എച്ച്.എസ്.എസിൽ നടത്തിയ ക്യാമ്പിൽ 900 പേർക്ക് വാക്സിൻ നൽകി. ആദ്യ ഡോസ് വാക്സിനേഷൻ ഉടൻ പൂർത്തിയാകുമെന്ന് പ്രസിഡന്റ് വിനീത പറഞ്ഞു.

മേലില ഗ്രാമ പഞ്ചായത്തിൽ പാലിയേറ്റിവ് വിഭാഗത്തിൽ ഉൾപ്പെട്ടവരുടെയും മറ്റ് കിടപ്പ് രോഗികളുടെയും വാക്സിനേഷൻ 100 ശതമാനം പൂർത്തികരിച്ചതായി പഞ്ചായത്ത് പ്രസിഡന്റ് എ. താര പറഞ്ഞു. ഒന്നാം ഡോസ് വാക്സിനേഷനും പഞ്ചായത്ത് പരിധിയിൽ 99 ശതമാനം പൂർത്തിയായി.

കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തിൽ 75 ശതമാനം വാക്സിനേഷൻ പൂർത്തീകരിച്ചു. ഡിസിസിയിൽ 17 പേർ നിലവിൽ ചികിത്സയിലുണ്ട് എന്ന് പഞ്ചായത്ത് പ്രസിഡന്റ് ഉമാദേവി അമ്മ പറഞ്ഞു.

# സ്ക്വാഡ് പരിശോധന : 12 കേസുകൾക്ക് പിഴ

കോവിഡ് മാനദണ്ഡ ലംഘനങ്ങൾ കണ്ടെത്തുന്നതിനായി നടത്തുന്ന താലൂക്കുതല സ്ക്വാഡ് പരിശോധനയിൽ 12 കേസുകൾക്ക് പിഴ ചുമത്തി. കരുനാഗപ്പള്ളി, ആലപ്പാട്, ഓച്ചിറ, നീണ്ടകര, ചവറ, ക്ലാപ്പന, കെ.എസ്.പുരം, പ ന, തഴവ, തൊടിയൂർ, തെക്കുംഭാഗം, തേവലക്കര എന്നിവിടങ്ങളിൽ അഞ്ച് കേസുകളിൽ പിഴയീടാക്കി. 104 കേസുകൾക്ക് താക്കീത് നൽകി. കൊട്ടാരക്കര, ചടയമംഗലം, ചിതറ, കരീപ്ര, എഴുകോൺ, ഇട്ടിവ, കടയ്ക്കൽ, കുളക്കട, കുമ്മിൾ, നെടുവത്തൂർ, നിലമേൽ, മൈലം, പൂയപ്പള്ളി, ഉമ്മന്നൂർ, വെളിനെല്ലൂർ പ്രദേശങ്ങളിൽ അഞ്ച് കേസുകൾക്ക് പിഴ ചുമത്തുകയും 137 എണ്ണത്തിന് താക്കീത് നൽകുകയും ചെയ്തു. കുന്നത്തൂരിലെ വിവിധ പ്രദേശങ്ങളിൽ നടത്തിയ പരിശോധനയിൽ രണ്ട് കേസുകൾക്ക് പിഴയീടാക്കി. 57 എണ്ണത്തിന് താക്കീത് നൽകി . കൊല്ലത്ത് തൃക്കരുവ, അഞ്ചാലുംമൂട്, പനയം പ്രദേശങ്ങളിൽ നടത്തിയ പരിശോധനയിൽ 61 കേസുകളിൽ താക്കീത് നൽകി. പത്തനാപുരത്ത് ഡെപ്യൂട്ടി തഹസിൽദാർ ബോസ് ഫ്രാൻസിസിന്റെ നേതൃത്വത്തിൽ വിളക്കുടി, പിറവന്തൂർ, പട്ടാഴി പ്രദേശങ്ങളിൽ നടത്തിയ പരിശോധനയിൽ 13 കേസുകളിൽ താക്കീത് നൽകി. പുനലൂരിൽ ഇടമൺ, തെ ല ഭാഗങ്ങളിൽ നാല് കേസുകൾക്ക് താക്കീത് നൽകി.

# വാക്സിൻ എടുത്തില്ല; ബോൽസനാരോയെ ഹോട്ടലിൽ കയറാൻ അനുവദിച്ചില്ല

ന്യൂയോർക്ക്: കോവിഡ് വാക്സിൻ എടുക്കാത്തതിനെ തുടർന്ന് ബ്രസീൽ പ്രസിഡന്റ് ജെയർ ബോൽസനാരോയെ ന്യൂയോർക്കിലെ റസ്റ്റോറന്റിൽ കയറാൻ അനുവദിച്ചില്ല. തുടർന്ന് ഐക്യരാഷ്ട്ര സംഘടന (യുഎൻ) യുടെ പൊതുസമ്മേളനത്തിന് എത്തിയ അദ്ദേഹം റോഡരികിലുള്ള കടയിൽ നിന്ന് പിസ കഴിക്കേണ്ടിവന്നു. ബോൽസനാരോയുടെ രണ്ട് മന്ത്രിമാർ പിസ് കഴിക്കുന്ന ചിത്രം സാമൂഹിക മാധ്യമങ്ങളിൽ പങ്കുവയ്ക്കുകയും ചെയ്തു. കോവിഡ് വാക്സിൻ സർട്ടിഫിക്കറ്റ് കാണിച്ചാൽ മാത്രമേ ന്യൂയോർക്ക് നഗരത്തിൽ ആളുകൾക്ക് റസ്റ്റോറന്റുകളിൽ ഇരുന്നു ഭക്ഷണം കഴിക്കാൻ അനുമതിയുള്ളൂ. ബോൽസനാരോ ഇതുവരെയും കോവിഡ് പ്രതിരോധ കുത്തിവയ്പ്പ് എടുത്തിട്ടില്ല. പ്രധാമന്ത്രിമാർ, പ്രസിഡന്റുമാർ, നയതന്ത്ര പ്രതിനിധികൾ എന്നിവരും വാക്സിൻ സ്വീകരിച്ച സർട്ടിഫിക്കറ്റ് എവിടെയും കാണിക്കേണ്ടിവരില്ലെന്ന് ജനറൽ അസംബ്ലി പ്രസിഡന്റ് അബ്ദുള്ള ഷാഹിദ് വ്യക്തമാക്കിയിരുന്നു. എന്നാൽ ബോൾസനാരോ ഉൾപ്പെടെയുള്ള എല്ലാ ലോക നേതാക്കളും യുഎൻ ജനറൽ അസംബ്ലിക്ക് എത്തുന്നതിന് മുമ്പ് വാക്സിൻ സ്വീകരിച്ചിരിക്കണമെന്ന് ന്യൂയോർക്ക് മേയർ ബിൽ ഡി ബ്ലാസിയോ മുന്നറിയിപ്പ് നൽകിയിരുന്നു. അല്ലാത്ത പക്ഷം വരാതിരിക്കുന്നതാണ് നല്ലതെന്നും അദ്ദേഹം പറഞ്ഞു.

കോവിഡ് വ്യാപനത്തെ തുടർന്ന് പല നേതാക്കളും പൊതുസമ്മേളനത്തിൽ നേരിട്ട് പങ്കെടുക്കുന്നില്ല. പകരം പ്രസ്താവനകൾ വീഡിയോ രൂപത്തിലാക്കി അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. അതിനിടെ, ബ്രസീലിയൻ നയന്ത്ര പ്രതിനിധിക്ക് കോവിഡ് സ്ഥിരീകരിച്ചതായും റിപ്പോർട്ട് ചെയ്തു. എന്നാൽ ഇതിനോട് പ്രതികരിക്കാൻ യുഎൻ തയാറായില്ല.

# മാജിക് പ്ളാനറ്റിലെ ഡിഫറന്റ് ആർട്ട് സെന്റർ മന്ത്രി ഗോവിന്ദൻ മാസ്റ്റർ സന്ദർശിച്ചു

കഴക്കൂട്ടം മാജിക് പ്ളാനറ്റിലെ ഡിഫറന്റ് ആർട്ട് സെന്റർ തദ്ദേശസ്വയംഭരണ മന്ത്രി എം. വി. ഗോവിന്ദൻ മാസ്റ്റർ സന്ദർശിച്ചു. ഒക്ടോബറിൽ ഇവിടെ സംഘടിപ്പിക്കുന്ന സഹയാത്ര പദ്ധതിയുടെ ലോഗോ മന്ത്രി പ്രകാശനം ചെയ്തു. വിവിധ ശേഷിയുള്ള കുട്ടികളാണ് ഇവിടെയുള്ളതെന്ന് മന്ത്രി പറഞ്ഞു. ഓരോരുത്തർക്കും വ്യത്യസ്തമായ കഴിവുകളാണുള്ളത്. ഇത് കൃത്യമായി കണ്ടെത്തി പ്രോത്സാഹിപ്പിക്കാനാകണം. കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിച്ചാൽ മറ്റുള്ളവരെപ്പോലെയോ അതിനു മുകളിലോ എത്താൻ കഴിവുള്ള കുട്ടികളാണെന്ന് മന്ത്രി പറഞ്ഞു. കുട്ടികൾ പാട്ടും നൃത്തവും മാജിക്കും അവതരിപ്പിച്ചു. കുട്ടികൾ ചിത്രം വരയ്ക്കുന്നതും മന്ത്രി നേരിട്ട് കണ്ടു. മാജിക് അക്കാഡമി സ്ഥാപകൻ ഗോപിനാഥ് മുതുകാട് സന്നിഹിതനായിരുന്നു.

# പ്രതിശ്രുത വരനൊപ്പം പോകവേ ബൈക്ക് ബസിന് അടിയിൽപെട്ടു; യുവതിക്ക് ദാരുണാന്ത്യം



ചങ്ങനാശേരി: വിവാഹം ഉറപ്പിച്ച യുവാവിനൊപ്പം ബൈക്കിൽ സഞ്ചരിച്ചിരുന്ന യുവതി കെഎസ്ആർടിസി ബസിനടിയിൽപ്പെട്ടു മരിച്ചു. മാമ്മൂട് വെളിയം കരിങ്ങണാമറ്റം സണ്ണിച്ചൻറെ ഏക മകൾ സുബി (25) ആണ് മരിച്ചത്.

ചൊവ്വാഴ്ച വൈകുന്നേരം 5.30ന് ചങ്ങനാശേരിവാഴൂർ റോഡിൽ പെരുന്പനച്ചിക്കു സമീപം പൂവത്തുംമൂട്ടിലാണ് അപകടം. കുമളിയിൽ നിന്നു കായംകുളത്തേക്കു പോകുകയായിരുന്ന ചങ്ങനാശേരി ഡിപ്പോയിലെ ഫാസ്റ്റ് പാസഞ്ചർ ബസും ഇതേ ദിശയിൽ സഞ്ചരിച്ച ബൈക്കുമാണ് അപകടത്തിൽപ്പെട്ടത്.

ബസ് ബൈക്കിനെ ഓവർടേക്ക് ചെയ്യുന്പോൾ ബൈക്ക് റോഡിൻറെ വശത്തെ എഡ്ജിൽ നിയന്ത്രണംവിട്ടു മറിയുകയും സുബി ബസിനടിയിലേക്കു തെറിച്ചുവീണ് തലയിലൂടെ ബസിൻറെ പിൻചക്രം കയറിയിറങ്ങുകയുമായിരുന്നു. സുബി സംഭവസ്ഥലത്തുതന്നെ മരിച്ചു. യുവാവ് പരിക്കില്ലാതെ രക്ഷപ്പെട്ടു.

സമീപത്തെ സിസിടിവിയിൽ നിന്നും അപകടദൃശ്യം പോലീസിനു ലഭിച്ചിട്ടുണ്ട്. മൃതദേഹം അരമണിക്കൂറിലേറെനേരം റോഡിൽ കിടന്നു. നാട്ടുകാരും തൃക്കൊടിത്താനം പോലീസും ചേർന്ന് സ്വകാര്യ ആംബുലൻസ് വിളിച്ചുവരുത്തി മൃതദേഹം ചങ്ങനാശേരി ജനറൽ ആശുപത്രിയിലെത്തിച്ചു.

പോലീസ് മേൽനടപടികൾ സ്വീകരിച്ചശേഷം മൃതദേഹം ചെത്തിപ്പുഴ സെൻറ് തോമസ് ആശുപത്രി ആശുപത്രിയിലേക്കു മാറ്റി. സുബി തെങ്ങണയിലുള്ള സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനത്തിലെ ജീവനക്കാരിയായിരുന്നു. സംസ്കാരം പിന്നീട്. മാതാവ് ബിജി.

# പതിമൂന്ന് ഹൈക്കോടതികളിൽ പുതിയ ചീഫ് ജസ്റ്റ്സുമാർ; കൊളീജിയം ശിപാർശ

ന്യൂഡൽഹി: കേരള ഹൈക്കോടതിയിലെ ജസ്റ്റീസ് എ.എം. ബാദറിനെ പാറ്റ്ന ഹൈക്കോടതിയിലേക്ക് മാറ്റുന്നത് ഉൾപ്പടെ വിവിധ ഹൈക്കോടതികളിലെ 17 ജഡ്ജിമാരുടെ സ്ഥലംമാറ്റത്തിന് ശിപാർശ ചെയ്തു സുപ്രീംകോടതി കൊളീജിയം.

വിവിധ ഹൈക്കോടതികളിൽ ഹൈക്കോടതികളിൽ 13 പുതിയ ചീഫ് ജസ്റ്റീസുമാരെ സ്ഥലംമാറ്റത്തിലൂടെയും സ്ഥാനക്കയറ്റത്തിലൂടെയും നിയമിക്കാൻ കഴിഞ്ഞ ദിവസം കഴിഞ്ഞ 16ന് ചേർന്ന കൊളീജിയംയോഗം ശിപാർശ ചെയ്തിരുന്നു. ഇതിൽ ത്രിപുര ഹൈക്കോടതി ചീഫ് ജസ്റ്റീസ് അഖിൽ ഖുറേഷി അടക്കമുള്ളവരുടെ പേരുകൾ കേന്ദ്രത്തിൻറെ പരിഗണനയിലാണ്.

വിവിധ ഹൈക്കോടതികളിലേക്ക് സ്ഥലം മാറ്റ ശിപാർശ പട്ടികയിലുള്ള ജഡ്ജിമാർ

എ.എം.ബാദർ (കേരള പാറ്റ്ന)
ജസ്വന്ത് സിംഗ് (പഞ്ചാബ് & ഹരിയാന ഒഡീഷ)
സബീന (രാജസ്ഥാൻ ഹിമാചൽപ്രദേശ്)
ടി.എസ്.ശിവാനനം (മദ്രാസ് കോൽക്കത്ത)
സഞ്ജയ് കുമാർ മിശ്ര (ഒഡീഷ ഉത്തരാഖണ്ഡ്)
എം.എം. ശ്രീവാസ്തവ ( ചണ്ഡീഗഢ് രാജസ്ഥാൻ)
സൗമീൻ സെൻ (കോൽക്കത്ത ഒഡീഷ)
അസനുദ്ദീൻ അമാനുള്ള (പാറ്റ്ന ആന്ധ്രാപ്രദേശ്)
ഉജ്ജൽ ബുയാൻ (ബോംബെ തെലുങ്കാന)
പരേഷ് ഉപാദ്ധ്യായ (ഗുജറാത്ത് മദ്രാസ്)
എം.എസ്.എസ്. രാമചന്ദ്രറാവു (തെലുങ്കാന പഞ്ചാബ് & ഹരിയാന) അരിന്ദം സിൻഹ (കോൽക്കത്ത ഒഡീഷ)
ശശ്വന്ത് വർമ (അലഹാബാദ് ഡൽഹി)
വിവേക് അഗർവാൾ (അലഹാബാദ് മധ്യപ്രദേശ്)
ചന്ദ്രധരി സിംഗ് (അലഹാബാദ് ഡൽഹി)
അനൂപ് ചിത്കാര (ഹിമാചൽ പ്രദേശ് പഞ്ചാബ് & ഹരിയാന) രവിനാഥ് തിൽഹരി (അലഹാബാദ് ആന്ധ്രാപ്രദേശ്)

# പഞ്ചാബിനെതിരെ രാജസ്ഥാന് നാടകീയ ജയം

ദുബായ്: ഐപിഎല്ലിൽ പഞ്ചാബ് കിംഗ്സിനെതിരെ രാജസ്ഥാൻ റോയൽസിന് അവിശ്വസനീയ ജയം. അവസാന ഓവറിൽ നാല് റൺസ് മാത്രം വേണ്ടിയിരുന്ന പഞ്ചാബ് രണ്ട് റൺസിന് തോറ്റു. യുവതാരം കാർത്തിക ത്യാഗിയുടെ ഉജ്വല ബൗളിംഗാണ് രാജസ്ഥാന് വിജയമൊരുക്കിയത്. അവസാന ഓവറിൽ ഒരു റൺസ് മാത്രമാണ് ത്യാഗി വിട്ടുകൊടുത്തത്. രാജസ്ഥാൻ ഉയർത്തിയ 186 വിജയലക്ഷ്യം പഞ്ചാബ് അനായാസം കടക്കുമെന്നാണ് ഏവരും കരുതിയത്. ഓപ്പണർമാരായ ക്യാപ്റ്റൻ കെ.എൽ. രാഹുലും(33 പന്തിൽ 49) മായാങ്ക് അഗർവാളും(43 പന്തിൽ 67) നിലയുറപ്പിച്ചതോടെ പഞ്ചാബ് അനായാസ ജയത്തിലേക്ക് കുതിച്ചു. 120 റൺസ് കൂട്ടുകെട്ട് പടുത്തിയ ശേഷമാണ് ഇരുവരും പിരിഞ്ഞത്. പന്തെറിഞ്ഞ രാജസ്ഥാൻ ബൗളർമാരെല്ലാം കണക്കിന് തല്ലുകൊണ്ടു.

പിന്നീട് ക്രീസിൽ ഒത്തുചേർന്ന എയ്ഡൻ മാർക്രംനിക്കോളസ് പൂരൻ കൂട്ടുകെട്ട് പഞ്ചാബിനെ വിജയത്തിലേക്ക് നയിക്കുകയായിരുന്നു. 57 റൺസ് കൂട്ടുകെട്ടാണ് ഇവർ മൂന്നാം വിക്കറ്റിൽ നേടിയത്. അവസാന ഓവറിൽ മാത്രമാണ് കളി രാജസ്ഥാൻറെ വരുതിയിലെത്തിയത്. നിക്കോളസ് പൂരനെയും ദീപക് ഹൂഡയെയും പുറത്താക്കി ത്യാഗി രാജസ്ഥാന് ജയമൊരുക്കി. പൂരൻ 32 റൺസ് നേടി പുറത്തായപ്പോൾ എയ്ഡൻ മാർക്രം 26 റൺസുമായി പുറത്താകാതെ നിന്നു.

നേരത്തെ, പഞ്ചാബ് കിംഗ്സ് രാജസ്ഥാൻ റോയൽസിനെ 20 ഓവറിൽ 185നു പുറത്താക്കി. അവസാന നാല് ഓവറിലാണ് രാജസ്ഥാൻ റോയൽസിന് ആറ് വിക്കറ്റ് നഷ്ടപ്പെട്ടത്. അതിൽ മൂന്നെണ്ണം ഇരുപത്തിരണ്ടുകാരനായ അർഷ്ദീപ് സിംഗ് സ്വന്തമാക്കിയപ്പോൾ മൂന്നെണ്ണം വീഴ്ത്തിയത് മുഹമ്മദ് ഷമിയായിരുന്നു. ദുബായിൽ ഐപിഎല്ലിൽ അഞ്ച് വിക്കറ്റ് വീഴ്ത്തുന്ന ആദ്യ കളിക്കാരനാണ് അർഷ്ദീപ്.

അർഷ്ദീപും ഷമിയും ഡെത്ത് ഓവറുകളിൽ തകർത്താടിയപ്പോൾ 16.2 ഓവറിൽ നാലിന് 166 എന്ന ശക്തമായ നിലയിൽനിന്ന് രാജസ്ഥാൻ റോയൽസ് 185നു പുറത്ത്. 200 കടന്നു മുന്നേറാമെന്ന റോയൽസിൻറെ സ്വപ്നവും അതോടെ പൊലിഞ്ഞു. നാല് ഓവറിൽ 32 റൺസിനാണ് അർഷ്ദീപ് അഞ്ച് വിക്കറ്റ് വീഴ്ത്തിയത്. ഷമിയുടെ ബൗളിംഗ് 40 213 എന്നതായിരുന്നു.

# ഞങ്ങളുടെ ജീവിതം സിനിമയാക്കണം; ആരേലും ഉണ്ടോ ഇ ബുൾ ജെറ്റ് സഹോദരന്മാർ

കൊച്ചി: തങ്ങളുടെ ജീവിതം സിനിമയാക്കാൻ ആഗ്രഹമുണ്ടെന്നും താത്പര്യമുള്ളവർക്ക് ബന്ധപ്പെടാമെന്നും ഇ ബുൾ ജെറ്റ് സഹോദരന്മാർ. ഇൻസ്റ്റാഗ്രാം പോസ്റ്റിലൂടെയാണ് യുട്യൂബർമാർ ആഗ്രഹം പ്രകടിപ്പിച്ചത്. ഇ ബുൾ ജെറ്റ് സഹോദരന്മാരിൽ ഒരാളായ ലിബിൻ ആണ് പോസ്റ്റ് പങ്കുവച്ചത്.

'ഞങ്ങളുടെ ജീവിതം സിനിമയാക്കാൻ ഒരു ആഗ്രഹമുണ്ടേ. താൽപര്യമുള്ളവർ താഴെ പറയുന്ന ഇ മെയിൽ ഐഡിയിൽ (ലയൗഹഹഷലേ@ഴാമശഹ.രീാ) ബന്ധപ്പെടുക.' എന്നാണ് ഇൻസ്റ്റാഗ്രം കുറിപ്പിലൂടെ അഭ്യർഥിച്ചത്. പോസ്റ്റ് എത്തിയതോടെ പതിവു പോലെ സോഷ്യൽ മീഡിയ ട്രോളുകളിലും ഇത് നിറയാൻ തുടങ്ങി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.